# LAITY VOICE

2014 AUGUST Volume: 5 No:2 E-mail: laityvoice102@gmail.com

## വധശിക്ഷയിൽനിന്ന് ഒഴിവായ സുഡാൻ വനിത മിറിയം യാഹ്വാ ഇബ്രാഹിം വത്തിക്കാനിൽ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി

റോം: ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കാനുള്ള ഉത്തരവ് അനുസരിക്കാത്തതിന്റെ പേരിൽ കല്ലെറിഞ്ഞു കൊല്ലാൻ കോടതി വിധിച്ച സൗത്ത്സുഡാൻ സ്വദേശിനി മിറിയം യാഹ്യാ ഇബ്രാഹിം(27) ഇറ്റലിയിലെത്തി. അന്തർദേശീയ സമ്മർദത്തെത്തുടർന്ന് സുഡാനിലെ കോടതി വധശിക്ഷ റദ്ദാക്കുകയായിരുന്നു.

യുഎസ് പൗരത്വമുള്ള ഭർത്താവ് ഡാനിയൽ വാനിയോടും രണ്ടു മക്കളോടും ഒപ്പം റോമിലെ ചിയാംപിനോ വിമാനത്താവളത്തിലെത്തിയ മിറിയത്തെ സ്വീകരിക്കാൻ ഇറ്റാലിയൻ പ്രധാനമന്ത്രി മറ്റിയോ റെൻസി എത്തിയിരുന്നു. ഇറ്റലിയാണ് സൗത്ത് സുഡാൻ സർക്കാരുമായി ചർച്ച നടത്തി മിറിയത്തിനു സുഡാൻ വിടാൻ അനുമതി ലഭ്യമാക്കിയത്. ഏതാനും ദിവസം ഇറ്റലിയിൽ തങ്ങിയശേഷം അമേരിക്കയിലേക്കു പോകാനാണ് മിറിയത്തിന്റെയും കുടുംബത്തിന്റെയും പരിപാടി.

ഭർത്താവും കുട്ടികളുമൊപ്പം മിറിയം വത്തിക്കാനിലെത്തി ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. വിശ്വാസത്തിലുറ



ഹം കഴിച്ച മിറിയം ഇസ്‌ലാം മതവിശ്വാസം ത്യജിച്ചെന്നും വധശിക്ഷയ്ക്ക് അർഹയാണെ

നിശ്ചിത ദിവസത്തിനകം ക്രൈസ്തവവിശ്വാസം ഉപേക്ഷിക്കണമെന്ന വിധി അനുസരിക്കാത്ത

## "ജീവിക്കുന്ന രക്തസാക്ഷി; ദൈവം നിന്നോടുകൂടെ"

**മരണത്തെ മുഖാമുഖം കണ്ടിട്ടും വിശ്വാസത്തിൽ ഉറച്ചുനിന്ന മിറിയം യാഹ്വാ ഇബ്രാഹിം. ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ കല്ലെറിഞ്ഞു കൊല്ലാൻ വിധിച്ച ഭീകര നിയമത്തിന്റെ മുമ്പിൽ അവൾ തളരാതെ പോരാടി. ലോകം ഉണർന്നു പ്രാർത്ഥിച്ചു. കിരാതനിയമങ്ങൾക്കെതിരെ മനുഷ്യമനസാക്ഷി ഉയർന്നു. പലരുടെയും ഹൃദയക്കോണുകളിൽ മാറ്റങ്ങളുണ്ടായി. ദൈവസ്നേഹത്തിന്റെ അരൂപിയിൽ നിറഞ്ഞുനിന്ന് മിറിയം ഇന്നും ജീവിക്കുന്നു, അടിയുറച്ച ക്രൈസ്തവവിശ്വാസത്തിന്റെ മകുടോദാഹരണമായി.**

ച്ചു നിൽക്കാൻ മിറിയം കാണിച്ച ധൈര്യത്തെ മാർപാപ്പ പ്രശംസിച്ചെന്നു വത്തിക്കാൻ വക്താവ് ഫാ. ഫെഡറിക്കോ ലൊംബാർഡി പറഞ്ഞു. മാർപാപ്പ നൽകിയ പ്രാർഥനാ സഹായത്തിനു മിറിയം നന്ദി പറഞ്ഞു.

ക്രൈസ്തവനായ ഡാനിയലിനെ വിവാ

ന്നുമായിരുന്നു കോടതി വിധി. എത്യോപ്യയിൽ നിന്നുള്ള ഓർത്തഡോക്സ് ക്രിസ്ത്യാനിയായ മാതാവ് തന്നെ ക്രൈസ്തവ വിശ്വാസത്തിലാണു വളർത്തിയതെന്നും താൻ ഒരിക്കലും ഇസ്‌ലാം മതം സ്വീകരിച്ചിട്ടില്ലെന്നും മിറിയം വ്യക്തമാക്കിയെങ്കിലും കോടതി അംഗീകരിച്ചില്ല.

തിനാൽ കല്ലെറിഞ്ഞു കൊല്ലാൻ കോടതി ഉത്തരവിട്ടു. എന്നാൽ ഗർഭിണിയായതിനാൽ ശിക്ഷ നീട്ടിവച്ചു. മിറിയം ജയിലിൽ പ്രസവിച്ചു. അന്തർദേശീയ സമ്മർദത്തെത്തുടർന്ന് വധശിക്ഷ പിന്നീട് റദ്ദാക്കുകയായിരുന്നു.

## മതസൗഹാർദം നിലനിർത്താൻ കൂട്ടായ പരിശ്രമം വേണം: ഇന്റർചർച്ച് കൗൺസിൽ

കൊച്ചി: മതസൗഹാർദവും സമാധാനവും നിലനിർത്താൻ എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഇതര മതങ്ങളോടു ചേർന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ യോഗം ആഹ്വാനം ചെയ്തു.

സീറോ മലബാർ സഭാ മേജർആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിലാണ് ഇന്റർചർച്ച് കൗൺസിൽ യോഗം നടന്നത്. ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ, ക്നാനായ സഭാ തലവൻ സേവേറിയോസ് മാർ കുര്യാക്കോസ് വലിയ മെത്രാപ്പോലീത്ത, പൗരസ്ത്യ സുറിയാനി സഭയുടെ മാർ അപ്രേം മെത്രാപ്പോലീത്ത, ആർച്ച്ബിഷപ്പുമാരായ മാർ ജോസഫ് പെരു



ന്തോട്ടം, മാർ മാത്യു മൂലക്കാട്ട്, മാർ ആൻഡ്രൂസ് താഴത്ത്, കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ, മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത, ഓർത്തഡോക്സ് സഭ പ്രതിനിധി ഫാ. അശ്വിൻ

ഫെർണാഡിസ്, സീറോ മലബാർ സഭാ മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ റവ.

(ശേഷം പേജ് മൂന്ന്)



# മാർ മാത്യു അറയ്ക്കലിനും ഷെവലിയർ വി.സി.സെബാസ്റ്റ്യനും ബ്രിട്ടീഷ് പൗരപ്രതിനിധികളുടെ ആദരവ്

**അപ്പച്ചൻ കണ്ണഞ്ചിറ, യുകെ**

കേംബ്രിഡ്ജ്: കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ്പും ഒട്ടനവധി വിദ്യാഭ്യാസ ആരോഗ്യ ആതുരശുശ്രൂഷാ സ്ഥാപനങ്ങളുടെ രക്ഷാധികാരിയും സിബിസിഐ ലെയ്റ്റി കൗൺസിൽ ചെയർമാനുമായ മാർ മാത്യു അറയ്ക്കലിനെയും, കത്തോലിക്കാ അല്മായർക്കുള്ള പരമോന്നതബഹുമതിയായ ഷെവലിയർ പദവി ലഭിച്ച സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറിയും കാരിത്താസ് ഇന്ത്യ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡംഗവുമായ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യനെയും യുകെയിലെ കേംബ്രിഡ്ജിൽ ബ്രിട്ടീഷ് പൗരപ്രതിനിധികൾ ആദരിച്ചു.

കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സെന്റർ ഗ്രാന്റ് പ്ലെയ്സ് ഹാളിൽ നടന്ന സ്വീകരണചടങ്ങിൽ മോൺസിഞ്ഞോർ യൂജിൻ ഹാർക്ക്നെസ് അദ്ധ്യക്ഷനായിരുന്നു. കേംബ്രിഡ്ജ് കൗണ്ടിയുടെ ക്വീൻ എലിസബത്തിന്റെ പ്രതിനിധി ഡപ്യൂട്ടി ലോർഡ് ലഫ്റ്റനന്റ് ഡറിക് ബ്രിസ്റ്റോ, അബോട്ട് റൈറ്റ് റവ.ഡോ.കുത്ത് ബർട്ട് ബ്രോഗൻ, റൊസീമറ്റെനിറ്റി ഹോസ്പിറ്റൽ കൺസൾട്ടന്റ് ഡോ.വിൽഫ് കേൾസൽ, ഇമ്പിങ്ഡൺ വില്ലേജ് കോളജ് ഡയറക്ടർ മിസ്സിസ് കരോൾ, ഫാമർ ആന്റ് വിൻഡ് ഫാം ഉടമ ജോൺ ലാത്തം, ഡീക്കൻ ആന്റ് പ്രെഫസർ ഓഫ് ലോ ഡോ.ജോൺ ബെൽ, ഡയറി ഹേർഡ്സ്മാൻ ഡയറക്ടർ ജെയിംസ് ക്രോസ്, മിസ് ക്രിസ്റ്റി ഹുംബറീസ്, റവ.ഫാ,മാത്യു ജോർജ് വണ്ടാലക്കുന്നേൽ തുടങ്ങിയവർ ആശംസകൾ നേർന്നു. കേരള സംസ്ഥാന കൺസ്യൂമർ റിഡ്സെൽ കമ്മീഷൻ മെമ്പർ അഡ്വ.ജോസ് വിതയത്തിലും ചടങ്ങിൽ പങ്കെടുത്തു. ബ്രിട്ടീഷ് പൗരപ്രതിനിധികളോടൊപ്പം ജോസഫ് ചെറിയാൻ, റോബിൻ കുര്യാക്കോസ്, റോയി തോമസ്, വിൻസന്റ് കുര്യൻ, ജോസഫ് ചാക്കോ തുടങ്ങിയവരും ആശംസകളർപ്പിച്ചു.

2013-ൽ കേംബ്രിഡ്ജിലെ മോൺസിഞ്ഞോർ യൂജിൻ ഹാർക്ക്നെസിന്റെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം കാഞ്ഞിരപ്പള്ളി രൂപത സന്ദർശിക്കുകയും രൂപതയുടെ വിവിധ പ്രവർത്തനങ്ങളിൽ ആകൃഷ്ടരാകുകയും ചെയ്തിരുന്നു. തുടർന്ന് പ്രത്യേക ക്ഷണപ്രകാരമാണ് മാർ മാത്യു അറയ്ക്കലും ഷെവലിയർ വി.സി.സെബാസ്റ്റ്യനും യുകെയിൽ എത്തിയത്.

## ഫാ. ജോയി ആലപ്പാട്ട് ഷിക്കാഗോ രൂപത സഹായമെത്രാൻ

കൊച്ചി: സീറോ മലബാർ സഭയുടെ ഷിക്കാഗോ രൂപത സഹായമെത്രാനായി ഫാ. ജോയി ആലപ്പാട്ടിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഷിക്കാഗോ കത്തീഡ്രൽ വികാരിയായി സേവനം ചെയ്തുവരുന്ന ഫാ. ആലപ്പാട്ട് ഇരിങ്ങാലക്കുട രൂപതയിലെ പറപ്പൂക്കര ഇടവകാംഗമാണ്. സ്ഥാനാരോഹണം പിന്നീട്.

നിയമന പ്രഖ്യാപനം വത്തിക്കാനിലും വാഷിംഗ്ടണിലും കാക്കനാട് മൗണ്ട് സെന്റ് തോമസിലെ മേജർആർക്കി എപ്പിസ് കോപ്പൽ കൂരിയ ആസ്ഥാനത്തും നടന്നു. ബെൻസെന്നയാണു നിയുക്തമെത്രാന്റെ സ്ഥാനിക രൂപത.

1981 ഡിസംബർ 31നു ബിഷപ് മാർ ജയിംസ് പഴയാറ്റിലിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു. ചാലക്കുടി, മാള, ഇരിങ്ങാലക്കുട ഇടവകകളിൽ സഹവികാരിയായി സേവനം ചെയ്തു. മംഗലപ്പുഴ സെമിനാരിയിൽ നിന്നു ദൈവശാസ്ത്രത്തിലും ആന്ധ്ര യൂണിവേഴ്സിറ്റിയിൽ നിന്നു സോഷ്യോളജിയിലും മാസ്റ്റർ ബിരുദങ്ങൾ നേടി. 1987 മുതൽ 1993 വരെ ചെന്നൈ സീറോ മല ബാർ മിഷനിൽ ചാപ്ലിനായും മിഷൻ ഡയറക് ടറായും സേവനം ചെയ്തു.

1994 മുതൽ അമേരിക്കയിലെ സ്റ്റാറ്റൻ ഐലൻഡ്, ന്യൂയോർക്ക്, ന്യൂമിൽഫോർഡ്, ന്യൂജഴ്സി എന്നിവിടങ്ങളിൽ അസോസിയേറ്റ് പാസ്റ്ററായിരുന്നു. ക്ലിനിക്കൽ പാസ്റ്ററൽ എഡ്യൂക്കേഷൻ പ്രോഗ്രാം പൂർത്തിയാക്കിയ



ഫാ. ജോയി വാഷിംഗ്ടണിലെ ജോർജ്ടൗൺ സർവകലാശാലയിൽ ചാപ്ലിനായി സേവനം ചെയ്തിട്ടുണ്ട്. ഷിക്കാഗോ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ ക്ഷണപ്രകാരം 2007ൽ രൂപതയിലെ ഗാർഫീൽഡ്, ന്യൂവാർക്ക് എന്നിവിടങ്ങളിൽ സേവനം ചെയ്തു. 2011ലാണു ഷിക്കാഗോ കത്തീഡ്രലിൽ ചുമതലയേറ്റത്. 2013ലെ ന്യൂജേഴ്സി കൺവൻഷന്റെ കൺവീനറായിരുന്നു. മികച്ച ധ്യാനപ്രസംഗകനും ഗാനരചയിതാവും കൂടിയായ ഫാ. ജോയി ആലപ്പാട്ട് ഏതാനും ക്രിസ്തീയ ഭക്തിഗാനങ്ങളും സംഗീത ആൽബങ്ങളും ഒരുക്കിയിട്ടുണ്ട്.

2001ൽ സ്ഥാപിതമായ ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ബിഷപ് മാർ ജേക്കബ് അങ്ങാടിയാത്ത് കാനഡയിലെ സ്ഥിരം അപ്പസ്തോലിക് വിസിറ്റേറ്ററുമാണ്. അമേരിക്ക മുഴുവനായി വ്യാപിച്ചുകിടക്കുന്ന ഷിക്കാഗോ രൂപതയിൽ 8,500 കുടുംബങ്ങളുണ്ട്.

പോൾ, സിസ്റ്റർ കൊള്ളറ്റ് (സിഎസ്സി കോൺഗ്രിഗേഷൻ, മിലാൻ, ഇറ്റലി), ലീന, കേണൽ വിൻസന്റ് (മിലിട്ടറി, ജബൽപൂർ) എന്നിവരാണ് നിയുക്ത ബിഷപ്പിന്റെ സഹോദരങ്ങൾ.

## Vatican newspaper decries ‘caliphate of brutality’; Mosul cathedral becomes mosque

The Islamic State of Iraq and the Levant (ISIL) has removed the crosses from all 30 churches and monasteries in Mosul and converted the Syriac Orthodox cathedral into a mosque, according to the Assyrian International News Agency.

ISIL, also known as Islamic State and ISIS, took over Iraq’s 2nd-largest city in June and later ordered all Christians to leave, pay an unspecified tax, or convert to Islam. The jihadist group now controls 40% of Iraq and 30% of Syria.

According to “Caliphate of Brutality,” a front-page story in L’Osservatore Romano, ISIL’s leader, Abu Bakr al-Baghdadi, has ordered all women and girls within its territory to undergo genital mutilation. The Vatican newspaper also reported that ISIL earlier ordered “families to give virgin girls in marriage to jihadists” and segregated universities by sex.



*സീറോമലബാർ വനിതാഫോറം കൗൺസിലിന്റെ വാർഷിക സമ്മേളനം മൗ് സെന്റ് തോമസ്, കാക്കനാട് വച്ച് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉൽഘാടനം ചെയ്യുന്നു. ഫോറം പ്രസിഡന്റ് ശ്രീമതി ഡെൽസി, ഡയറക്ടർ റവ. ഫാ. ഡോ. ജോസഫ് കൊച്ചുപറമ്പിൽ, ഡോ.സി.ജോൺസി സി.എം.സി, സെക്രട്ടറി ലിസി, ട്രഷറർ ജിജി, വൈസ് പ്രസിഡന്റ് ഏലീയാമ്മ സെബാസ്റ്റ്യൻ, മാഗി, ബെറ്റ്സി, റാണി മത്തായി, ഷോബി, എന്നിവർ സമീപം.*

## കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക് ശ്രദ്ധേയം:

### മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തുന്നതിലും, വളർത്തുന്നതിലും സ്ത്രീകൾക്ക് ശ്രദ്ധേയമായ പങ്ക് ഉണ്ടെന്ന് ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പ്രസ്താവിച്ചു. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സീറോമലബാർ വനിതാഫോറത്തിന്റെ വാർഷിക കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സീറോമലബാർ സഭയിലെ കേരളത്തിനകത്തും, പുറത്തുനിന്നുമുള്ള എല്ലാരൂപതകളിൽ നിന്നും വന്ന വനിത പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ ദേശീയ പ്രസിഡന്റ് ശ്രീമതി ഡെൽസി ലൂക്കാച്ചൻ അദ്ധ്യക്ഷത വഹിച്ചു. റവ. സി. ഡോ. ജോവാൻ ചുങ്കപ്പുര ക്ലാസ് നയിച്ചു. വനിതാഫോറം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ നേതൃത്വം നൽകിയ ശ്രീമതി. ആനി മത്തായി മുതിരേന്തിയെ ചടങ്ങിൽ ആദരിച്ചു. സമ്മേളനത്തിന് ഫാ. ഡോ. ജോസഫ് കൊച്ചുപറമ്പിൽ, ഡോ.സി.ജോൺസി സി.എം.സി, ശ്രീമതി ലിസി വർഗ്ഗീസ്, ശ്രീമതി ജിജി ജേക്കബ്, ശ്രീമതി മേരി സെബാസ്റ്റ്യൻ, ശ്രീമതി റാണി മത്തായി എന്നിവർ നേതൃത്വം നല്കി. യോഗത്തിന് ശ്രീമതി ആലീസ് സെബാസ്റ്റ്യൻ സ്വാഗതവും, ശ്രീമതി ഏലീയാമ്മ സെബാസ്റ്റ്യൻ, നന്ദിയും രേഖപ്പെടുത്തി.

## ദയാവധം: സുപ്രീംകോടതി അഭിപ്രായം തേടി



ന്യൂഡൽഹി: ദയാവധം നിയമപരമാക്കുന്നതു സംബന്ധിച്ച വിഷയത്തിൽ സുപ്രീംകോടതി വിവിധ സംസ്ഥാനങ്ങളുടെ അഭിപ്രായം തേടി. ചീഫ് ജസ്റ്റീസ് ആർ.എം. ലോധ അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് എട്ടാഴ്ചയ്ക്കുള്ളിൽ നിലപാട് അറിയിക്കണമെന്ന് ആവശ്യപ്പെട്ടു സംസ്ഥാനങ്ങൾക്കു നോട്ടീസ് അയച്ചത്. വിഷയത്തിൽ കോടതിയെ സഹായിക്കാനായി മുൻ സോളിസിറ്റർ ജനറൽ ടി.ആർ. അന്ത്യാർജുനയെ അമിക്കസ് ക്യൂറിയായും പരമോന്നത കോടതി നിയമിച്ചു. ദയാവധത്തെ എതിർത്തു കേന്ദ്രസർക്കാർ നിലപാട് അറിയിച്ചതിനു പിന്നാലെയാണ് ഇക്കാര്യത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും അഭിപ്രായങ്ങൾ തേടാൻ സുപ്രീംകോടതി തീരുമാനിച്ചത്. ജീവിതത്തിലേക്കു തിരിച്ചുവരാനാകാത്ത വിധത്തിൽ പൂർണമായും രോഗാവസ്ഥയിലായവരെ കൃത്രിമമായി മരിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കോമൺകോസ് അടക്കമുള്ള സർക്കാരിതര സംഘടനകളാണ് സുപ്രീംകോടതിയെ സമീപിച്ചത്. ദയാവധം ആത്മഹത്യയ്ക്കു തുല്യമാണെന്നാണു കേന്ദ്രസർക്കാരിനു വേണ്ടി ഹാജരായ അറ്റോർണി ജനറൽ മുകുൾ റോത്തഗി വാദിച്ചത്. വിഷയം നിയമത്തിനു പുറത്തുള്ളതായതിനാൽ കോടതിയല്ല, നിയമനിർമാതാക്കളാണ് പരിശോധിക്കേണ്ടതെന്നും അറ്റോർണി ജനറൽ വാദിച്ചു.

## ദൈവവിളി പ്രോത്സാഹനം സഭയുടെ പ്രധാന കടമ:

### മാർ ജോർജ്ജ് ആലഞ്ചേരി

ദൈവവിളി പ്രോത്സാഹനം സഭയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭയുടെ സുവിശേഷവൽക്കരണവും ദൈവവിളി പ്രോത്സാഹനവും എന്ന വിഷയത്തിൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷൻ ആന്റ് പാസ്റ്ററൽ കെയർ ഓഫ് ദി മൈഗ്രന്റ്സ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടം ചെയ്യുകയായിരുന്നു അദ്ദേഹം.

സഭാജീവിതത്തിൽ നിന്നു സ്വാഭാവികമായി രൂപപ്പെടേണ്ടതാണ് ദൈവവിളികൾ. വൈദികരുടെയും സന്യസ്തരുടെയും ജീവിതങ്ങൾ മാതൃകകളാക്കി അതിലൂടെ ദൈവവിളിയിലേയ്ക്ക് ആകർഷിക്കപ്പെടാൻ പുതിയ തലമുറയ്ക്ക് അവസരമുണ്ടാകണം. സീറോ മലബാർ സഭ ഇന്നു വളർന്നുകൊണ്ടിരിക്കുന്ന സഭയാണ്. ദൈവവിളിയുടെ തലത്തിലും ഈ വളർച്ച പ്രകടമാണ്. മിഷൻ രംഗങ്ങളിലേയ്ക്കും ദൈവവിളികൾ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടണം.

മാർത്തോമ്മാശ്ലീഹായിലൂടെ ലഭിച്ച വിശ്വാസം പരമ്പരകളായി കൈമാറിക്കിട്ടിയതുപോലെ വരും തലമുറകൾക്കും വിശ്വാസവും സുവിശേഷവും സന്തോഷകരമാണ്. കുടുംബങ്ങൾ സുവിശേഷവൽക്കരണത്തിന്റെ പ്രധാനപ്പെട്ട വേദികളായി മാറണമെന്നും കർദിനാൾ ഓർമ്മിപ്പിച്ചു. കമ്മീഷൻ ചെയർമാൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ അധ്യക്ഷതവഹിച്ചു. ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ബിഷപ് മാർ ജോസഫ് കുന്നത്ത്, കമ്മീഷൻ സെക്രട്ടറി റവ.ഡോ.ഷാജി കൊച്ചുപുരയിൽ, ഓഫീസ് സെക്രട്ടറി സിസ്റ്റർ ഫ്രാൻസ്ലറ്റ് എന്നിവർ പ്രസംഗിച്ചു.

സുവിശേഷവൽക്കരണവും ദൈവവിളി പ്രോത്സാഹവും എന്ന വിഷയത്തിൽ കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ.ഡോ.ജോസ് കോട്ടയിൽ, സിസ്റ്റർ ഗ്രേസ് എന്നിവർ ക്ലാസുകൾ നയിച്ചു. ചർച്ചകൾക്ക് റവ.ഡോ.ജോസ് ചെറിയമ്പനാട്ട്, ഫാ.ജസ്റ്റിൻ വെട്ടുകല്ലേൽ, റവ.ഡോ. പോളച്ചൻ കോച്ചാപ്പിള്ളി എന്നിവർ നേതൃത്വം നൽകി.

സീറോ മലബാർ സഭയിലെ കേരളത്തിനകത്തും പുറത്തുമുള്ള വിവിധ രൂപതകൾ, സന്യാസസഭകൾ, സെമിനാരികൾ, സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു.



*കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷൻ ആന്റ് പാസ്റ്ററൽ കെയർ ഓഫ് ദി മൈഗ്രന്റ്സ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച ശില്പശാല സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടം ചെയ്യുന്നു.*


**(ഒന്നാം പേജ് തുടർച്ച)**

ഡോ. ആന്റണി കൊള്ളന്നൂർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

സമാധാനത്തിനായി എല്ലാവരും പ്രാർത്ഥിക്കണമെന്നു യോഗം ആഹ്വാനം ചെയ്തു. ഇറാക്ക്, സിറിയ എന്നിവിടങ്ങളിൽ ആഭ്യന്തരകലാപം മൂലം ക്രൈസ്തവർ കൂട്ടമായി പലായനം ചെയ്യുന്ന അവസ്ഥയിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി.

പ്രാദേശികതലങ്ങളിൽ മതസൗഹാർദം വളർത്താൻ എല്ലാ മതവിഭാഗങ്ങളും ശ്രമിക്കണം. വിദ്യാഭ്യാസമേഖലയിൽ വിവിധ ജനവിഭാഗങ്ങൾക്കു ഭരണഘടന അനുവദിച്ചിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ധാരണകൾ രൂപപ്പെടുന്നുണ്ടെങ്കിലും ഫലപ്രദമായ അനന്തരനടപടികളില്ലാത്തതു പ്രശ്നമാണ്. പശ്ചിമഘട്ടത്തിലും തീരപ്രദേശത്തും നിലനിൽക്കുന്ന ആശങ്കകൾക്കും അനിശ്ചിതത്വത്തിനും അറുതിവരുത്താൻ സർക്കാരിൽനിന്നു സത്വരശ്രമങ്ങൾ ഉണ്ടാകണം.

# കാര്യം നിസാരം; പ്രശ്നം ഗുരുതരം



**Dr. P.M. Chacko Palakunnel**
**Principal, Nirmal Jyothi Institute-of Counseling and Psychotherapy**
**familycornerlaityvoice@gmail.com**

**ജോ**സ് വിവാഹിതനും മൂന്ന് കുട്ടികളുടെ പിതാവുമാണ്. ജോസിന് ഭാര്യയെ കടുത്ത സംശയമാണ്. സംശയം മൂത്ത് ഈയിടെയായി മർദിക്കുവാനും തുടങ്ങി. പ്രായപൂർത്തിയായ മക്കൾ അമ്മയുടെ സഹായത്തിന് മുമ്പോട്ടു വരുകയും, അങ്ങനെ കുടുംബത്തിൽ രണ്ടു ഗ്രൂപ്പ് സംജാതമാകുകയും ചെയ്തു. അപ്പൻ ഒറ്റയ്ക്കും ബാക്കിയുള്ളവരെല്ലാം ഒന്നിച്ചും!! മക്കൾ അപ്പനെ ഒട്ടും അനുസരിക്കാതെയായി.

പണം ആവശ്യമുള്ളപ്പോൾ എടുത്തുകൊണ്ടുപോകും. അതിലും ആവശ്യം വന്നാൽ അപ്പനോടോ അമ്മയോടോ ചോദിക്കാതെ റബർ ഷീറ്റ് എടുത്തുകൊണ്ടുപോയി വിൽപ്പന നടത്തി കാശുവാങ്ങും. ഇപ്പോൾ ആൺമക്കളുടെമേൽ ഇത്തരം കാര്യങ്ങളിൽ അമ്മയ്ക്കുപോലും നിയന്ത്രണമില്ലാതായി. സാമ്പത്തിക പ്രതിസന്ധി സംജാതമായി. മുൻപ് പിതാവ് ലഭ്യമായ വരുമാനംകൊണ്ട് എല്ലാം കൃത്യമായി ക്രമീകരിച്ചു നടത്തിയിരുന്നു. ഇപ്പോൾ കടബാധ്യതകളും ഉണ്ടായി. കുറച്ചു സ്ഥലം വിറ്റ് കടം വീട്ടുകയും സുഭിക്ഷമായി ജീവിക്കുകയും ചെയ്യാൻ അവർ തീരുമാനിച്ചു. അപ്പൻ അത് എതിർത്തു. മകൻ അപ്പനെപിടിച്ച് തള്ളി; അയാൾ താഴെവീണ് കൈ ഒടിഞ്ഞു.

ജോസിന്റെ സംശയരീതി സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. 48 വയസായ ഭാര്യയ്ക്കുവരുന്ന ഫോൺകോളുകളെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കും. മൊബൈലിൽ വരുന്ന കോളുകളിൽ ചില പുരുഷന്മാരുടേതുണ്ടോയെന്ന് പ്രത്യേകം ശ്രദ്ധിച്ച് അതുകണ്ടാൽ വഴക്കുണ്ടാക്കും. <u>മേഴ്സി ചില പ്രാർത്ഥനാലയങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസം നൊവേന കൂടാൻ പോകും. അവൾ പോകുന്നതിനു മുമ്പ് ചിലരെ ഫോണിൽ വിളിക്കുന്നുണ്ടെന്നും അവരുടെ കൂടെ കറങ്ങാൻ പോവുകയാണെന്നും ജോസ് ആരോപിക്കും. ചിലപ്പോൾ ജോസ് ബസിൽ കയറി അവൾ പോയ പുറകെ പോയി ആരാധന സ്ഥലത്തും അവിടുത്തെ ക്യൂവിലുമൊക്കെ ആരുടെകൂടെയാണെന്ന് നിരീക്ഷിക്കും. ഒരു ദിവസം ജോസ് അവിടെയെല്ലാം അന്വേഷിച്ചിട്ട് അവളെ കണ്ടില്ല.</u> സത്യത്തിൽ അവൾ നേരത്തെ തിരിച്ചുപോന്നതായിരുന്നു. പക്ഷേ, അവൾ അവിടെ പോകാതെ ആരുടെയോ കൂടെ പോയതാണെന്ന് ഉറപ്പിച്ചു പറഞ്ഞ് അയാൾ വഴക്കുണ്ടാക്കി. അവൾ അതിരുകടന്ന് പ്രതികരിക്കുകയും അയൽപക്കകാർ അതുകേട്ട് ഓടിവരുകയും ആകെ നാണക്കേടാവുകയും ചെയ്തു.

ഒരുദിവസം ബാങ്കിൽ പോയ മേഴ്സിയുടെ പിന്നാലെ ജോസ് ടാക്സിപിടിച്ചുപോയ സംഭവമുണ്ടായി. ഇത് നാട്ടുകാർ പലരും അറിയുകയും മേഴ്സിക്കു പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്തു. ഈ അവസരത്തിലാണ് ആരുടെയോ പ്രേരണയാൽ അവർ കൗൺസിലിംഗിന് എത്തിയത്. കുറച്ചുസമയത്തെ ആശയവിനിമയത്തിൽ നിന്ന് മേഴ്സി നിരപരാധിയാണെന്ന് മനസിലായി.

ജോസിനെ മനഃശാസ്ത്ര അപഗ്രഥനത്തിന് വിധേയനാക്കിയപ്പോഴാണ് കാര്യങ്ങൾ വ്യക്തമായത്. ജോസിന് 12 വയസുപ്രായമുള്ളപ്പോൾ സ്വന്തം അമ്മയുടെ അവിഹിതവേഴ്ച നേരിൽ കാണാനിടയായി. അതു വിളിച്ചുപറയാതിരിക്കാൻ ജോസിനെ കൊന്നുകളയുമെന്ന്വരെ അമ്മ ഭീഷണിപ്പെടുത്തി. അന്നുമുതൽ ജോസിന് സ്ത്രീകളെ ആരെയും വിശ്വാസമില്ല. അതാണ് സംഭവങ്ങളുടെ മൂലകാരണം എന്നു വ്യക്തമായി. സൈക്കോതെറാപ്പിയിലൂടെ ആ ആഘാതത്തിൽ നിന്ന് മോചനം നേടിക്കൊടുത്ത് സമാധാനം സ്ഥാപിച്ചു.

കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയിൽ പറയുന്നത് ഒരു സംഭവം നടക്കുമ്പോൾ അതിനെപ്പറ്റിയുള്ള നമ്മുടെ പ്രഥമ യാന്ത്രിക ചിന്ത നമ്മിൽ വികാരവും അതിനെത്തുടർന്ന് പെട്ടെന്ന് പ്രവർത്തിക്കാനുള്ള പ്രേരണയും ഉണ്ടാക്കുന്നു. രാത്രിയിൽ കള്ളനെ നേരിൽ കണ്ടുപേടിച്ച ഒരാളും മറ്റു രണ്ടുകൂട്ടുകാരുംകൂടി ഒരു യാത്രപോയി ഒരു ഹോട്ടലിൽ താമസിച്ചു എന്നു കരുതുക. പാതിരാത്രി ആയപ്പോൾ അരണ്ടവെളിച്ചത്തിൽ ജനാലയിലൂടെ എന്തോ നീങ്ങുന്നതുകണ്ട് അയാൾ അതു കള്ളനാണെന്ന് വിചാരിച്ചു ഭയന്നു. ആയാളുടെ കൂടെയുണ്ടായിരുന്നവരിൽ ഒരാൾ ഭയാനക സിനിമകൾ സ്ഥിരം കാണുന്നയാളായിരുന്നു. അയാൾ അത് പ്രേതമാണെന്ന് വിചാരിച്ച് ഞെട്ടിവിറച്ചു. മൂന്നാമത്തെയാൾ അത് വല്ല ഇലയോ, വവ്വാലോ ആയിരിക്കുമെന്നു പറഞ്ഞ് സമാധാനത്തോടെ കിടന്ന് ഉറങ്ങി. ഈ മൂന്നുപേരും കണ്ടത് ഒന്നാണെങ്കിലും പ്രതികരിച്ചത് മൂന്നു തരത്തിലാണ്. ഇതിന് കാരണം അവരുടെ പൂർവ്വകാല അനുഭവങ്ങളാണെന്നും വ്യക്തമാണല്ലോ.

<u>**അതുപോലെതന്നെ നാമെല്ലാവരും നമ്മുടെ മുൻകാല അനുഭവങ്ങൾ തീർത്തു തന്ന ഒരു ചട്ടവും അഥവാ ഫ്രെയിമും ആയിട്ടാണ് നടക്കുന്നതെന്നു പറയാം. ആ ഫ്രെയിമിലൂടെയാണ് നാം ലോകത്തെ നോക്കിക്കാണുന്നത്. അതിന് വിരുദ്ധമായ ചിന്ത നമുക്ക് ഉണ്ടാകുകയേയില്ല.**</u> ഉദാഹരണത്തിന് സ്ത്രീകളിൽ നിന്ന് ദുരനുഭവമുള്ളവർ സ്ത്രീകളെല്ലാവരും അവിശ്വസ്ഥരാണെന്ന കാഴ്ചപ്പാടിലൂടെയായിരിക്കും ഭാര്യഉൾപ്പെടെയുള്ളവരെ കാണുക. ആരുടെയെങ്കിലും തട്ടിപ്പിനിരയായവർ ആരെയും വിശ്വസിക്കാൻ കൊള്ളില്ല എന്നു പറയും. ഉദ്യോഗസ്ഥന് കൈക്കൂലി കൊടുക്കേണ്ടിവന്നിട്ടുള്ളവർ എല്ലാ ഉദ്യോഗസ്ഥരും കൈക്കൂലിക്കാരാണെന്ന കാഴ്ചപ്പാട് സ്ഥിരമായി കൈക്കൊള്ളുകയും എപ്പോഴും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും.

മറ്റൊന്ന് വിശകലനത്തിലുള്ള തെറ്റാണ്. ചില കാര്യങ്ങളെ നാം തെറ്റിദ്ധരിച്ച് അതിനനുസരിച്ച് പ്രവർത്തിക്കും. ഇതിനെല്ലാം അടിസ്ഥാനകാരണങ്ങളുണ്ടാകും. അതു കണ്ടെത്തി തിരുത്തിയാലേ വ്യക്തി സ്വതന്ത്രനാകുകയുള്ളൂ. അയാൾ പ്രകടിപ്പിക്കുന്ന രീതി അയാൾക്കുതന്നെ വിനയായിത്തീർന്നാലും അതു സ്വയം മാറ്റിയെടുക്കാൻ അയാൾക്ക് കഴിയില്ല എന്നതാണ് സത്യം. സൈക്കോ തെറാപ്പിയിലൂടെ അതിനു മോചനം നേടിയെടുക്കാനാവും.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

45

കഴിഞ്ഞ ലക്കം തുടർച്ച.......

# വിദ്യാഭ്യാസം

**7. വിദ്യാലയങ്ങളിലെ ധാർമ്മികവും മതപരവുമായ വിദ്യാഭ്യാസം**-എല്ലാ സന്താനങ്ങളുടെയും ധാർമ്മികവും മതപരവുമായ അഭ്യസനത്തിൽ സൂക്ഷ്മമായി ശ്രദ്ധപതിക്കണമെന്ന ഗൗരവാവഹമായ ചുമതലയെപ്പറ്റി തികച്ചും ബോധവതിയാണ് സഭ. അകത്തോലിക്കാവിദ്യാലയങ്ങളിൽ പഠിക്കുന്ന നിരവധി സഭാസന്താനങ്ങളുടെയിടയിൽ പ്രത്യേകമായൊരു സ്നേഹത്തോടും ശ്രദ്ധയോടുംകൂടി സഭ സന്നിഹിതയായിരിക്കണം. ഇതു സാധിക്കേണ്ടത് അദ്ധ്യാപകരുടെയും നിയന്താക്കളുടെയും ജീവിതസാക്ഷ്യത്തിലൂടെയും സഹപാഠികളുടെ പ്രേഷിതപ്രവർത്തനങ്ങളിലൂടെയുമാണ്. സാഹചര്യത്തിനും പ്രായത്തിനും പറ്റിയ വിധത്തിൽ നിത്യരക്ഷയെ സംബന്ധിച്ച സിദ്ധാന്തങ്ങൾ വിദ്യാർത്ഥികളെ മനസിലാക്കുകയും അങ്ങനെ സമയവും സാഹചര്യങ്ങളും അനുവദിക്കുന്നിടത്തോളം നൂതന പദ്ധതികളിലൂടെ ആദ്ധ്യാത്മികസഹായം അവർക്കുചെയ്തുകൊടുക്കുകയും ചെയ്യുന്ന വൈദികരുടെയും അല്മായരുടെയും പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ ലക്ഷ്യം പ്രാപിക്കാൻ അത്യന്തം സഹായകമാണ്.

ഇത്തരം പദ്ധതികൾ സ്വസന്താനങ്ങൾക്കു പകാരപ്പെടത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാനും നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനും മാതാപിതാക്കൾക്ക് ഗൗരവാവഹമായ ചുമതലയുണ്ടെന്ന് സഭ അവരെ അനുസ്മരിപ്പിക്കുന്നു. കുട്ടികളുടെ ലൗകിക പരിശീലനത്തോടൊപ്പംതന്നെ ക്രിസ്തീയ രൂപവൽക്കരണവും ക്രമമായി പുരോഗമിക്കുന്നുണ്ടോ എന്നാരായാനും അവർക്ക് കടമയുണ്ട്. ആനുകാലിക സമൂഹങ്ങളിലെ വൈവിധ്യം കണക്കിലെടുത്തുകൊണ്ട് മതസ്വാതന്ത്ര്യത്തെ ബഹുമാനിക്കുകയും അങ്ങനെ ഓരോ കുടുംബത്തിനും അതാതിന്റെ ധാർമ്മികവും മതപരവുമായ തത്വങ്ങൾക്കനുസൃതമായ ഒരു വിദ്യാഭ്യാസം എല്ലാ സ്കൂളുകളിലും കുട്ടികൾക്കു നൽകാൻ കുടുംബങ്ങളെ സഹായിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളേയും രാഷ്ട്രീയാധികാരികളേയും സഭ ശ്ലാഘിക്കുന്നു.

**8. കത്തോലിക്കാ വിദ്യാലയങ്ങൾ**-വിദ്യാലയാന്തരീക്ഷത്തിൽ സഭയുടെ സാന്നിധ്യം കത്തോലിക്കാവിദ്യാലയങ്ങൾവഴി പ്രത്യേകമായ വിധത്തിൽ പ്രകടമാകുന്നുണ്ട്. മറ്റേതൊരു വിദ്യാലയത്തേയും പോലെ അവയും യുവജനങ്ങളുടെ സാംസ്കാരികവും മാനുഷികവുമായ രൂപവൽക്കരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. എന്നാൽ കത്തോലിക്കാ വിദ്യാലയങ്ങളുടെ പ്രത്യേകമായ ലക്ഷ്യമാകട്ടെ, സ്നേഹത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും സുവിശേഷചൈതന്യത്താൽ പ്രബുദ്ധമായ ഒരന്തരീക്ഷം വിദ്യാലയങ്ങളിൽ കെട്ടിപ്പടുക്കുക, യുവാക്കൾ സ്വന്തം വ്യക്തിത്വം വളർത്തിയെടുക്കുന്നതിനോടൊപ്പം മാമ്മോദീസാവഴി പ്രാപിച്ചിരിക്കുന്ന നവജീവന് യോജിച്ച വിധത്തിൽ വളരാൻ അവരെ സഹായിക്കുക എന്നിവയാണ്. മനുഷ്യവംശം, ജീവിതം, ലോകം എന്നിവയെ പ്പറ്റി വിദ്യാർത്ഥികൾക്ക് ക്രമമായി സിദ്ധിച്ചുകൊണ്ടിരിക്കുന്ന അറിവ് വിശ്വാസവെളിച്ചത്താൽ പ്രകാശിക്കേണ്ടതിന് എല്ലാ മാനുഷിക സംസ്കാരങ്ങളും അന്തിമമായി രക്ഷയുടെ സന്ദേശത്തിലേയ്ക്ക് നയിക്കാൻ സഭ യത്നിക്കുന്നു. കത്തോലിക്കാ വിദ്യാലയങ്ങൾ കാലത്തിന്റെ പുരോഗമനാത്മകമായ പരിതോവസ്ഥയ്ക്കനുസൃതമായി യഥോചിതം സ്വയം അനുരൂപപ്പെടുത്തുമ്പോൾ ഭൗമികരാജ്യത്തിന്റെ മേന്മയ്ക്കായി പ്രയത്നിക്കാൻ കുട്ടികളെ പഠിപ്പിക്കുകയും ദൈവരാജ്യത്തിന്റെ വിപുലീകരണത്തെ സഹായിക്കാൻ അവരെ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. ഇതിന്റെ ഉദ്ദേശ്യം മാതൃകായോഗ്യവും പ്രേഷിതാത്മകവുമായ ജീവിതംവഴി ഇവർ മനുഷ്യസമൂഹത്തിന്റെ രക്ഷാകരമായ പുളിമാവുപോലെ പ്രവർത്തിക്കുക എന്നതാണ്.



**ദൈവജനത്തിന്റെ ദൗത്യനിർവഹണത്തിൽ കത്തോലിക്കാ വിദ്യാലയങ്ങൾക്ക് കാതലായ ഒരു പങ്ക്വഹിക്കാനും സഭയും മനുഷ്യസമുദായവും തമ്മിലുള്ള ഡയലോഗ് ഇരുകൂട്ടരുടെയും നന്മയ്ക്കുപകരിക്കുന്ന വിധത്തിൽ നിർവഹിക്കുന്നതിൽ സഹായിക്കാനും കഴിയും. ഇതേ കാരണങ്ങളാൽ കത്തോലിക്കാ വിദ്യാലയങ്ങൾക്ക് ആധുനിക പരിതഃസ്ഥിതികളിലും വലിയ പ്രാധാന്യമുണ്ട്.**

ദൈവജനത്തിന്റെ ദൗത്യനിർവഹണത്തിൽ കത്തോലിക്കാ വിദ്യാലയങ്ങൾക്ക് കാതലായ ഒരു പങ്ക്വഹിക്കാനും സഭയും മനുഷ്യസമുദായവും തമ്മിലുള്ള ഡയലോഗ് ഇരുകൂട്ടരുടെയും നന്മയ്ക്കുപകരിക്കുന്ന വിധത്തിൽ നിർവഹിക്കുന്നതിൽ സഹായിക്കാനും കഴിയും. ഇതേ കാരണങ്ങളാൽ കത്തോലിക്കാ വിദ്യാലയങ്ങൾക്ക് ആധുനിക പരിതഃസ്ഥിതികളിലും വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ട് ഏതു തരത്തിലും പദവികളിലുമുള്ള സ്കൂളുകൾ സ്വതന്ത്രമായി സ്ഥാപിച്ചു നടത്താൻ സഭയ്ക്കുള്ള അവകാശത്തെ-സഭയുടെ പ്രബോധനാധികാരം ഉപയോഗിച്ചുകൊണ്ട് ഇതിനു മുമ്പു പല പ്രമാണരേഖകളിലൂടെയും വ്യക്തമാക്കിയിട്ടുള്ള ഇതേ അവകാശത്തെ-ഈ പരിശുദ്ധ സൂനഹദോസ് വീണ്ടും പ്രഖ്യാപിക്കുകയാണ്. അതേസമയം ഈ അവകാശപ്രയോഗം മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും മാതാപിതാക്കളുടെ അവകാശങ്ങൾക്കും സംസ്കാര പുരോഗതിക്കും വലിയ മുതൽക്കൂട്ടാണെന്ന കാര്യം അനുസ്മരിക്കുകയും ചെയ്യുന്നു.

അദ്ധ്യാപകർ ഒരു കാര്യം അറിഞ്ഞിരിക്കട്ടെ; കത്തോലിക്കാ വിദ്യാലയങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെയും സംരംഭങ്ങളുടെയും വിജയപ്രാപ്തി ഏറ്റവുമധികമായി അവരെയാണ് ആശ്രയിച്ചിരിക്കുന്നത്. മതപരവും മതേതരവുമായ വിഷയങ്ങളിൽ നല്ല വിജ്ഞാനവും യോഗ്യതാബിരുദങ്ങളും അവർ സമ്പാദിക്കുകയും ആധുനിക കണ്ടുപിടുത്തങ്ങൾക്കുയോജിച്ച വിദ്യാഭ്യാസ രീതികൾ പഠിച്ചറിയുകയും വേണം. ഇതിന് സവിശേഷ ശ്രദ്ധയോടെ അവരെ പരിശീലിപ്പിക്കേണ്ടതാവശ്യമാണ്. അവർ തമ്മിൽതമ്മിലും വിദ്യാർത്ഥികളോടും സ്നേഹബന്ധം പുലർത്തണം. പ്രേഷിതചൈതന്യം നിറഞ്ഞവരായിരിക്കുകയും വേണം. സ്വജീവിതവും അദ്ധ്യാപനവുംവഴി ലോകൈകഗുരുനാഥനായ ക്രിസ്തുവിന് അവർ സാക്ഷ്യം വഹിക്കേണ്ടതാണ്. സർവ്വോപരി മാതാപിതാക്കളുടെ പങ്കാളികളെന്ന നിലയിലാണവർ സേവനമനുഷ്ഠിക്കേണ്ടത്. മാതാപിതാക്കളോട് സഹകരിച്ച് ലൈംഗികവ്യത്യാസങ്ങളും സ്ത്രീപുരുഷന്മാർക്ക് കുടുംബത്തിലും സമുദായത്തിലും ദൈവികപരിപാലന നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യങ്ങളും കണക്കിലെടുത്തുകൊണ്ട് അദ്ധ്യാപകർ സ്വകർത്തവ്യം നിർവഹിക്കണം. വിദ്യാർത്ഥികൾ വ്യക്തിഗതമായ പ്രവർത്തനങ്ങൾ മുൻകൈയെടുത്തു സമാരംഭിക്കാൻ പരിശ്രമിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തിനുശേഷം സ്നേഹത്താലും ഉപദേശത്താലും സഭാചൈതന്യപൂരിതമായ പ്രത്യേക സംഘടനകളുടെ സ്ഥാപനത്താലും അവരെ സഹായിക്കണം. കത്തോലിക്കാ മാതാപിതാക്കൾക്ക് അനുകൂലസാഹചര്യങ്ങളിലും സമയത്തും കത്തോലിക്കാ സ്കൂളുകളിൽ കുട്ടികളെ അയയ്ക്കാനും കഴിവിനനുസരിച്ച് കത്തോലിക്കാ സ്കൂളുകളെ സഹായിക്കാനും കടമയുണ്ട്.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

# കാന്റർബറി മുൻ ആർച്ച്ബിഷപ് ഡോ.റോബൻ വില്യംസും മാർ മാത്യു അറയ്ക്കലും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഉന്നതതല ചർച്ച നടത്തി



*കാന്റർബറി മുൻ ആർച്ച്ബിഷപ്പും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി മഗ്ഡൽന കോളജ് തലവനുമായ ഡോ.റോബൻ വില്യംസുമായി കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ് മാർ മാത്യു അറയ്ക്കൽ സംയുക്ത സംരംഭങ്ങളെക്കുറിച്ച് ഉന്നതതല ചർച്ചനടത്തുന്നു. സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി ഷെവലിയർ അഡ്വ. വി.സി.സെബാസ്റ്റ്യൻ സമീപം.*

കേംബ്രിഡ്ജ്: കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ്പും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രക്ഷാധികാരിയുമായ മാർ മാത്യു അറയ്ക്കൽ യുകെയിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഉന്നതതല ചർച്ചകൾ നടത്തി. കാന്റർബറി മുൻ ആർച്ച്ബിഷപ്പും യൂണിവേഴ്സിറ്റിയിലെ പ്രശസ്തമായ മഗ്ഡൽന കോളജ് തലവനുമായ

**സാബു ചൂണ്ടക്കാട്ടിൽ, യുകെ**

ഡോ.റോബൻ വില്യംസുമായി സഹകരിച്ചുള്ള സംരംഭങ്ങൾ പങ്കുവയ്ക്കപ്പെട്ടു. വരും നാളുകളിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയും അമൽജ്യോതി എഞ്ചിനീയറിംഗ് കോളജും ചേർന്നുള്ള സംയുക്ത സംരംഭങ്ങൾക്ക് സാധ്യതയേറി. കൂടിക്കാഴ്ചയിലും ഉന്നതതലചർച്ചയിലും സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറിയും വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡംഗവുമായ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യനും പങ്കെടുത്തു.


യൂണിവേഴ്സിറ്റി സെന്റർ ഹാളിൽ ഇന്റർനാഷണൽ റിലേഷൻസ് പ്രതിനിധികളുമായുള്ള ചർച്ചകളിൽ ഡിപ്പാർട്ട്മെന്റ് തലവൻ ഡോ.മണി നാരായണൻ, റിസർച്ച് അനലിസ്റ്റ് ഡോ.സുമി ഡേവിഡ് എന്നിവർ പങ്കുചേർന്നു. നിലവിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ഇന്ത്യയിൽ ബാംഗ്ലൂരിലെ ഐബിഎം, ബോംബെയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളുമായി മാത്രമാണ് സഹകരിച്ചു പ്രവർത്തിക്കുന്നത്. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു വിദ്യാഭ്യാസ സ്ഥാപനവുമായി കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സഹകരിക്കുവാൻ തയ്യാറായിരിക്കുന്നത്. അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജ്, കുട്ടിക്കാനം മരിയൻ കോളജ് തുടങ്ങി കാഞ്ഞിരപ്പള്ളി രൂപത നടത്തുന്ന ഒട്ടേറെ സാമൂഹ്യ കാർഷിക പ്രസ്ഥാനങ്ങൾക്ക് പുത്തൻ സാങ്കേതികവിദ്യാകൈമാറ്റത്തിനും പരസ്പരസഹകരണത്തിനും ഭാവിയിൽ അവസരമൊരുങ്ങും.

യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് എഞ്ചിനിയറിംഗ് തലവൻ വിക്രംദേശ് പാണ്ഡയുമായും മാർ മാത്യു അറയ്ക്കലും ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യനും ചർച്ചകൾ നടത്തി. യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി സംഘം അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജ് സന്ദർശിക്കുന്നതാണ്. വരും നാളുകളിൽ വിദ്യാഭ്യാസ മേഖലയിൽ പുത്തൻ ഉണർവ്വേകുന്നതിനും വളരുന്ന തലമുറയ്ക്ക് ആഗോളതലത്തിൽ നേട്ടങ്ങൾ ഉണ്ടാക്കുവാനുമുള്ള ഈ ചുവടുവയ്പ് ഉന്നത വിദ്യാഭ്യാസ തലങ്ങളിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുമെന്നും കൂടിക്കാഴ്ചകൾക്കുശേഷം മാർ മാത്യു അറയ്ക്കൽ പറഞ്ഞു.

# ഇന്ത്യയിൽ പെൺകുഞ്ഞുങ്ങളുടെ എണ്ണം കുറയുന്നതിനെതിരേ യുഎൻ മുന്നറിയിപ്പ്

ന്യൂഡൽഹി: അനധികൃത ഗർഭഛിദ്രംമൂലം ഇന്ത്യയിൽ പെൺകുഞ്ഞുങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരികയാണെന്നും ഇതിനെതിരേ അടിയന്തര നടപടിയെടുക്കാൻ സമയമായെന്നും ഐക്യരാഷ്ട്രസഭയുടെ മുന്നറിയിപ്പ്. സ്ത്രീകളുടെ എണ്ണക്കുറവ് അവർക്കെതിരായ അതിക്രമങ്ങൾ വർദ്ധിക്കാനിടയാക്കുമെന്നും സ്ത്രീ- പുരുഷ അനുപാതം സംബന്ധിച്ച പുതിയ പഠനറിപ്പോർട്ട് പുറത്തിറക്കിക്കൊണ്ടു സംസാരിക്കവേ യുഎൻ വിമൻ ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഡയറക്ടർ ലക്ഷ്മി പുരി വ്യക്തമാക്കി.

ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം നടത്തുന്നതു നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ലിംഗനിർണയവും പെൺഭ്രൂണഹത്യയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പതിവു കാഴ്ചയായി മാറിയിരിക്കുകയാണെന്നു പഠനറിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ജീവൻ സൃഷ്ടിക്കപ്പെടാൻ കാരണമായ സ്ത്രീക്കു ജനിക്കാനുള്ള അവകാശം നിഷേധിക്കുന്നതു ഹീനകൃത്യംതന്നെയാണ്. ഇന്ത്യയിലെ പുരുഷമേധാവിത്തമുള്ള പരമ്പരാഗത സംസ്കാരമാണ് എല്ലാറ്റിനും കാരണം. ആൺകുട്ടിയെ കുടുംബത്തിന്റെ അന്നദാതാവായും കുടുംബപേര് നിലനിർത്തുന്നയാളായും മാതാപിതാക്കളുടെ



അന്ത്യകർമങ്ങൾ നിർവഹിക്കാനുള്ള ആളായും കരുതുമ്പോൾ പെൺകുട്ടിയെ ബാധ്യതയായി ഇന്ത്യൻസമൂഹം കാണുന്നു. വിവാഹം ചെയ്ത് അയയ്ക്കാൻ ഭാരിച്ച സ്ത്രീധനം നൽകിവരുന്ന കീഴ്‌വഴക്കവും പെൺകുഞ്ഞിനെ ബാധ്യതയായി കാണാനുള്ള കാരണങ്ങളിലൊന്നാണ്. ഈ പഴഞ്ചൻ വിശ്വാസം തിരുത്തി പെൺകുഞ്ഞിനെ സ്വത്തായി കാണേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നും പഠനറിപ്പോർട്ടിൽ പറയുന്നു.

മൂന്നു പതിറ്റാണ്ടിനിടെ ഇന്ത്യയിൽ 12 ദശലക്ഷം പെൺഭ്രൂണഹത്യകൾ നടന്നതായാണ് 2011 മേയിൽ ബ്രിട്ടീഷ് മെഡിക്കൽ ജേർണലായ ലാൻസറ്റ് നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. ഇതോടെ 2011ൽ രാജ്യത്തെ ലിംഗ അനുപാതം ആയിരം ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന നിലയിലേക്കു താഴ്ന്നു. ഈ വിടവ് വർഷം ചെല്ലുന്തോറും വലുതായിക്കൊണ്ടിരിക്കുകയാണ്. ലിംഗവിവേചനം ഇന്ത്യയുടെ സാമ്പത്തിക-സാമൂഹിക പുരോഗതിക്കു തടസം നിൽക്കുകയാണ്. ലിംഗ അനുപാതത്തിലെ ഈ വിടവ് ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലേക്കു നയിക്കുന്നു.- പഠനറിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇന്ത്യയിലെ സാമൂഹ്യവ്യവസ്ഥിതി അപ്പാടെ മാറേണ്ടതുണ്ടെന്നാണു ചടങ്ങിൽ സംസാരിച്ച യുഎൻ റസിഡന്റ് കോ-ഓർഡിനേറ്റർ ലിസ് ഗ്രാൻഡ് അഭിപ്രായപ്പെട്ടത്. ഇന്ത്യൻ സംസ്കാരത്തിൽ ആൺകുട്ടിയെപ്പോലെ പെൺകുട്ടിയെ കാണുകയെന്നതു ശ്രമകരമാണ്. എന്നാൽ, വരാനിരിക്കുന്ന പ്രതിസന്ധിയുടെ അളവ് കുറയ്ക്കുന്നതിന് ഇതു കൂടിയേ തീരൂ. - ലിസ് ഗ്രാൻഡ് വ്യക്തമാക്കി.

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ
അല്മായ കമ്മീഷൻ സെക്രട്ടറി

## ആമുഖം

യേശുവിന്റെ മൗതികശരീരമായ സഭയിൽ എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നവരാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസുവരെയും സഭയിലെ ശുശ്രൂഷകൾ വൈദികരുടെയും സന്യസ്തരുടെയും മാത്രം ഉത്തരവാദിത്വമായിട്ടാണ് കരുതിയിരുന്നത്. എന്നാൽ സഭയുടെ ഉണർത്തുപാട്ടായി രണ്ടാം വത്തിക്കാൻ സൂനഹദോസു മാറിയപ്പോൾ അല്മായ പങ്കാളിത്തം സജീവമാകുന്നതിന്റെ വാതിലുകൾ തുറക്കപ്പെട്ടു. കത്തോലിക്കാസഭയിലെ അല്മായ മുന്നേറ്റത്തിന്റെ ചരിത്രപശ്ചാത്തലങ്ങളിലേയ്ക്കും നന്മകൾ വാരിവിതറിയ സഭാസാക്ഷ്യങ്ങളുടെ ഇന്നുകളിലേയ്ക്കും യാത്രചെയ്ത് സഭയുടെ വളർച്ചയുടെ പാതയിലെ വെല്ലുവിളികളെ പങ്കുവയ്ക്കുകയും അതിജീവനത്തിനുള്ള മാർഗ്ഗങ്ങൾ ആരായുകയുമാണിവിടെ. ദൈവശാസ്ത്ര വീക്ഷണങ്ങളിലൂടെ അല്മായ സമൂഹത്തെ വിചിന്തനം ചെയ്ത് വിലയിരുത്തുന്നതിനോടൊപ്പം ആധുനിക ലോകത്തിന്റെ പ്രായോഗിക തലങ്ങളിൽ സഭയുടെ ശബ്ദവും ശക്തിയുമാകുവാൻ അവരെ എങ്ങനെ രൂപാന്തരപ്പെടുത്തി പ്രാപ്തരാക്കാമെന്ന് നമുക്ക് കൂട്ടായി ചിന്തിക്കാം.

### അദ്ധ്യായം 1

## ആരാണ് അല്മായർ?

### 1) അല്മായർ: ലോകത്തോടുബന്ധപ്പെട്ടവർ

അല്മായൻ എന്ന പദം സുറിയാനി ഭാഷയിൽ നിന്നുള്ളതാണ്. "അല്മ"=ലോകം. "അല്മായ"=ലോകത്തോടു ബന്ധപ്പെട്ട". "അല്മായൻ" = ലോകത്തോടു ബന്ധപ്പെട്ടവൻ. ഇംഗ്ലീഷിൽ നിലവിലുള്ള lay, laity എന്നീ പദങ്ങൾക്ക് (പ്രയോഗങ്ങൾക്ക്) പിന്നുലുള്ളത് laikos എന്ന ഗ്രീക്കുപദമാണ്. laos എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ഈ വാക്കുണ്ടാകുന്നത്. ഇതിന് ജനത്തോടുബന്ധപ്പെട്ടത്, ജനം എന്നീ അർത്ഥങ്ങളുണ്ട്. പഴയനിയമത്തിൽ ജനം എന്നർത്ഥമുള്ള laos ആണ് ഗ്രീക്കുപരിഭാഷയിലുള്ളത്. "തെരഞ്ഞെടുക്കപ്പെട്ട", "രാജകീയ", "വിശുദ്ധ" "ദൈവത്തിന്റെ സ്വന്തം" എന്നീ വിശേഷണങ്ങളോടുകൂടിയാണ് സഭയാകുന്ന ജനത്തെക്കുറിച്ച് പുതിയ നിയമം പറയുന്നത്. ജനം മുഴുവനാണ് ദൈവിക പദ്ധതിയനുസരിച്ച് ദൗത്യനിർവ്വഹണത്തിനായി വിളിക്കപ്പെട്ടിരിക്കുന്നത്. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ "ഏണങ്ങർ", "ലോകർ" എന്നീ വാക്കുകളാണ് അവൈദികരായ സഭാവിശ്വാസികളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. അല്മായൻ എന്ന വാക്ക് ബൈബിളിലെങ്ങും ഉപയോഗിച്ചുകാണുന്നില്ല. ക്രിസ്തുവിന്റെ അനുയായികൾക്ക് ആദ്യമായി ക്രൈസ്തവർ എന്ന പേരുലഭിക്കുന്നത് അന്ത്യോക്യായിൽ വച്ചാണ് (അപ്പ.11.26).

### 2) അല്മായർ: ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളികൾ

രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായർക്ക് വ്യക്തമായ ഒരു നിർവചനം നൽകി. അല്മായർ എന്നാൽ അർത്ഥമാക്കുന്നത് തിരുപ്പട്ടങ്ങളിലും സഭ അംഗീകരിച്ചിട്ടുള്ള സന്യസ്തജീവിതത്തിലുമുള്ളവരും ഒഴികെയുള്ള എല്ലാ വിശ്വാസികളുമാണ്. ഈ വിശ്വാസികൾ ജ്ഞാനസ്നാനത്താൽ ക്രിസ്തുവുമായി സംയോജിക്കപ്പെട്ട് ദൈവജനമായി സ്ഥാപിക്കപ്പെട്ടവരും അക്കാരണത്താൽ ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ധർമ്മങ്ങളിൽ തങ്ങളുടേതായ രീതിയിൽ ഭാഗഭാക്കുകളായിക്കൊണ്ട് ലോകത്തിൽ പൂർത്തിയാക്കാൻ ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം നിർവഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവരുമാണ്.

**"മാമ്മോദീസായിലൂടെ സഭയാകുന്ന ശരീരത്തോട് ഐക്യപ്പെട്ടവരും പുത്രനിൽ മക്കളും ക്രിസ്തുവിന്റെ അവയവങ്ങളോടും സഭാഗാത്രത്തിന്റെ അവയവങ്ങളോടും അഭേദ്യമായി കൂട്ടിച്ചേർക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങളും യേശുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ദൗത്യത്തിന്റെ പങ്കാളികളും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവരും വിശുദ്ധിയുടെ ജീവിത മാതൃകകളുമാണ് അല്മായർ"**



### 3) അല്മായർ: "അല്മായ വിശ്വാസികൾ" അപ്പസ്തോലിക പ്രബോധനത്തിൽ

ആരാണ് അല്മായ വിശ്വാസികൾ എന്ന ചോദ്യത്തിന് അപ്പസ്തോലിക പ്രബോധനം ഇപ്രകാരം പറയുന്നു: "മാമ്മോദീസായിലൂടെ സഭയാകുന്ന ശരീരത്തോട് ഐക്യപ്പെട്ടവരും പുത്രനിൽ മക്കളും ക്രിസ്തുവിന്റെ അവയവങ്ങളോടും സഭാഗാത്രത്തിന്റെ അവയവങ്ങളോടും അഭേദ്യമായി കൂട്ടിച്ചേർക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങളും യേശുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ദൗത്യത്തിന്റെ പങ്കാളികളും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവരും ലോകത്തിൽ വിശുദ്ധിയുടെ ജീവിത മാതൃകകളുമാണ് അല്മായർ.

### 4) അല്മായർ: രണ്ടാം വത്തിക്കാൻ കൗൺസിൽ വീക്ഷണത്തിൽ

പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ വളർന്നുവന്ന സഭാവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ സമഗ്രമായ ഒരു അല്മായ ദർശനം രണ്ടാം വത്തിക്കാൻ കൗൺസിൽ അവതരിപ്പിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയത്തിൽ കാണുന്ന രണ്ടുപ്രധാന ആശയങ്ങളാണ് "ദൈവജനം", "കൂട്ടായ്മ" എന്നിവ. സഭാസമൂഹത്തിലെ എല്ലാ വേർതിരിവുകൾക്കും വ്യത്യാസങ്ങൾക്കും അപ്പുറമുള്ള കാഴ്ചപ്പാടാണ് ദൈവജനമുൾക്കൊള്ളുന്നത്. അല്മായനും വൈദികനും മെത്രാനും എന്ന വ്യത്യാസമില്ലാതെ മാമ്മോദീസ വഴി ദൈവജനത്തിലെ അംഗമായിത്തീർന്ന ഓരോ വ്യക്തിയും ദൈവത്താൽ വിളിക്കപ്പെട്ടവനെന്ന നിലയിൽ അന്തസ്സും ദൗത്യവുമുള്ളവനാണ്.

സഭയിലെ പൂർണ്ണ അംഗങ്ങളാണ് അല്മായർ. ദൈവജനത്തിന് പൊതുവായ അന്തസ്സും അവകാശങ്ങളും വൈദികരെന്നും അവൈദികരെന്നും വ്യത്യാസമില്ലാതെ എല്ലാവർക്കുമുണ്ട്. മാമ്മോദീസാ വഴി അവർ ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപംകൊള്ളുന്നു. ദൈവജനത്തിന്റെ മൂന്നുവിധത്തിലുള്ള ധർമ്മങ്ങൾ വിശദമാക്കിക്കൊണ്ടാണ് വത്തിക്കാൻ കൗൺസിൽ അല്മായരുടെ ദൗത്യം വ്യക്തമാക്കുന്നത്. പുരോഹിതധർമ്മം, പ്രവാചകധർമ്മം, രാജകീയ ധർമ്മം ഇവയാണ് ഈ ധർമ്മങ്ങൾ. വൈദികരുടെ ശുശ്രൂഷപൗരോഹിത്യത്തിന് പിൻബലമായിട്ടുള്ളത് എല്ലാ വിശ്വാസികളുടെയും പൊതുവായ പൗരോഹിത്യമാണ്. പൊതുവായ പൗരോഹിത്യമില്ലാതെ ശുശ്രൂഷാപൗരോഹിത്യമില്ല.

സഭയ്ക്ക് ഭൂമിയുടെ ഉപ്പായിത്തീരാൻ പലപ്പോഴും അല്മായരിലൂടെ മാത്രമേ സാധിക്കൂ എന്ന് കൗൺസിൽ ചൂണ്ടിക്കാട്ടി. ലോകത്തിന്റെ വിശാലവേദിയിൽ, അതേസമയം തന്നെ സഭയുടെ ഹൃദയത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവനാണ് അല്മായൻ.

(തുടരും)

# ഒറീസയിൽ ക്രൈസ്തവ ആരാധനാലയവും 30 ഭവനങ്ങളും ഇടിച്ചുനിരത്തി



ഭുവനേശ്വർ: ഒറീസയിൽ റോഡിനു വീതി കൂട്ടാനെന്ന പേരിൽ ഒരു ചർച്ച്കെട്ടിടവും ക്രൈസ്തവരുടെ 30 ഭവനങ്ങളും സർക്കാർ ഇടിച്ചുനിരത്തി. ഒറീസ്സയിലെ നയ്യപ്പള്ളി ജില്ലയിലെ ബഹേറയിലെ ചേരിപ്രദേശത്തു താമസിക്കുന്ന സാധുക്കളായ ക്രൈസ്തവരുടെ വീടുകളാണ് കഴിഞ്ഞ ദിവസം ജെസിബി ഉപയോഗിച്ച് ഇടിച്ചുനിരത്തിയത്. മുനിസിപ്പാലിറ്റിയും റോഡുവികസന അതോറിറ്റിയും ചേർന്നു നടത്തുന്ന റോഡുവികസനത്തിന്റെ പേരിലാണ് പാവപ്പെട്ടവരെ കുടിയിറക്കിയത്. ഇവർ ഇവിടെ വർഷങ്ങളായി താമസിച്ചുവരികയായിരുന്നു. ഇവർക്ക് ഇപ്പോൾ അന്തിയുറങ്ങാൻ വീടുകളില്ല. ഭക്ഷണവും വെള്ളവും പോലുമില്ല. ഇവരുടെ പുനരധിവാസത്തെക്കുറിച്ച് വ്യക്തതയുമില്ല. സ്ത്രീകളും കുട്ടികളുമടക്കമുള്ള ഈ കുടുംബങ്ങൾ വഴിയാധാരമാകുമോ എന്നു ഭയക്കുന്നുണ്ട്.

# ഞായറാഴ്ചകളിൽ ജോലിവേണ്ടെന്ന് മാർപാപ്പ: കുടുംബബന്ധത്തെയും സൗഹൃദത്തെയും ബാധിക്കും

മൊലൈസ് (ഇറ്റലി): ഞായറാഴ്ചകൾ പ്രവർത്തി ദിവസമാക്കുന്നതിനെതിരേ മാർപാപ്പ രംഗത്തെത്തി. കുടുംബ ബന്ധങ്ങളേയും സൗഹൃദത്തേയും ഞായറാഴ്ച പ്രവർത്തി ദിവസമാക്കുന്നത് ബാധിക്കുമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ വ്യക്തമാക്കി. ഞായറാഴ്ചകളിൽ ജോലിചെയ്യുന്നത് സാമ്പത്തികമായി മെച്ചമാണെങ്കിലും മാനവീയതക്കു മുൻതൂക്കം നൽകണമെന്നു മാർപ്പാപ്പ ആവശ്യപ്പെട്ടു. തെക്കൻ ഇറ്റലിയിലെ മൊലൈസി സന്ദർശിക്കാൻ എത്തിയപ്പോളാണ് ഇക്കാര്യം പറഞ്ഞത്. പ്രദേശത്തു തൊഴിൽ ഇല്ലായ്മ ഗണ്യമായി വർധിച്ചുവരികയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോളാണ് മാർപ്പാപ്പയുടെ പ്രതികരണം. ഞായറാഴ്ചകളിൽ സ്റ്റോറുകളും മറ്റ് ബിസിനസ് സ്ഥാപനങ്ങളും തുറന്നുപ്രവർത്തിക്കുന്നത് സമൂഹത്തിനു ഗുണകരമാകില്ലെന്നും മാർപ്പാപ്പ പറഞ്ഞു. ഞായറാഴ്ചകളിൽ കുടുംബത്തോടൊപ്പമോ സുഹൃത്തുകളോടൊപ്പമോ ചിലവഴിക്കുന്നതാണ് അഭികാമ്യം. വിശ്വാസികളും അവിശ്വാസികളും ഇത് ഒരുപോലെ ഇഷ്ടപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. മാതാപിതാക്കൾ കുട്ടികളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കണമെന്നും മാർപ്പാപ്പ ആവശ്യപ്പെട്ടു.

അസുഖബാധയെതുടർന്നു ഏതാനും ദിവസമായി വിശ്രമത്തിലായിരുന്ന മാർപ്പാപ്പ ഹെലികോപ്ടറിലാണ് ഒരു ദിവസത്തെ സന്ദർശനത്തിനായി മൊലൈസിലെത്തിയത്. പാവപ്പെട്ടവരുമായി ഉച്ചഭക്ഷണം കഴിച്ച മാർപ്പാപ്പ, തടവറയിൽ കഴിയുന്നവരെ സന്ദർശിച്ചു. ജനക്കൂട്ടത്തിനിടയിലൂടെ ഊർജ്ജസ്വലനായാണ് മാർപ്പാപ്പ കടന്നു പോയത്. മാർപ്പാപ്പയ്ക്കു ചെറിയ ആരോഗ്യപ്രശ്നങ്ങൾ മാത്രമാണുണ്ടായിരുന്നതെന്നു വത്തിക്കാൻ വ്യക്തമാക്കിയിരുന്നു.

# കുടുംബങ്ങൾ തകരുന്നു; ആത്മഹത്യകൾ പെരുകുന്നു



തിരുവനന്തപുരം: കുടുംബബന്ധങ്ങളിലെ പാളിച്ചകൾമൂലം കേരളത്തിൽ ആത്മഹത്യകൾ ചെയ്യുന്നവരുടെ എണ്ണം കൂടുന്നു. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കിൽ കഴിഞ്ഞവർഷം കുടുംബബന്ധങ്ങളിലെ താളപ്പിഴകൾ മൂലം ആത്മഹത്യ ചെയ്തവർ 4521 പേരാണ്.

ഇവരിൽ കൂടുതലും പുരുഷന്മാരാണ്. 14നും 60നും ഇടയിൽ പ്രായമുള്ള 3531 പുരുഷന്മാരാണ് സ്വയം മരണം പൂകിയത്. 990 സ്ത്രീകളാണ് കഴിഞ്ഞവർഷം ആത്മഹത്യ ചെയ്തത്. കഴിഞ്ഞവർഷം മൊത്തത്തിൽ 8646 പേരാണ് ആത്മഹത്യ ചെയ്തത്. 6701 പുരുഷന്മാരും 1945 സ്ത്രീകളും. ഇതിൽ ദാമ്പത്യജീവിതം നയിച്ചവർ 6554 പേരായിരുന്നു. 5229 പുരുഷന്മാരും 1325 സ്ത്രീകളും. അവിവാഹിതരായവരിൽ 1415 പേരാണ് ആത്മഹത്യ ചെയ്തത്. 1033 പുരുഷന്മാരും 382 സ്ത്രീകളും. പങ്കാളികൾ മരിച്ചവരും ആത്മഹത്യ ചെയ്തവരിൽ കുറവല്ല, 422 പേർ. നിയമപ്രകാരം വിവിഹബന്ധം വേർപെടുത്തിയ 115 പേരാണ് കഴിഞ്ഞവർഷം ആത്മഹത്യ ചെയ്തത്. 75 പുരുഷന്മാരും 40 സ്ത്രീകളും. വേർപിരിഞ്ഞവരിൽ 140 പേർ ആത്മഹത്യചെയ്തു. 109 പുരുഷന്മാരും 31 സ്ത്രീകളും. നീണ്ടുനിൽക്കുന്ന അസുഖം മൂലം ആത്മഹത്യ ചെയ്തവർ 893 പേരാണ്. 676 പേർ പുരുഷന്മാരും 217 പേർ സ്ത്രീകളും. മയക്കുമരുന്നിനടിമപ്പെട്ട് ആത്മഹത്യചെയ്തവർ 400 പുരുഷന്മാരാണ്.

# ലോകത്തിലെ മൂന്നിലൊന്ന് ദരിദ്രരും ഇന്ത്യയിലെന്ന് യുഎൻ

ന്യൂഡൽഹി: ലോകത്തിലെ മൂന്നിലൊന്ന് ദരിദ്രരും ഇന്ത്യയിലാണ് വസിക്കുന്നതെന്ന് യുഎൻ. 2014ലെ മില്ലേനിയം ഡെവലപ്മെന്റ് ഗോൾ റിപ്പോർട്ടിലാണ് കണ്ടെത്തൽ. അഞ്ച് വയസിൽ താഴെയുള്ള കുട്ടികളുടെ മരണവും ഏറ്റവുമധികം റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഇന്ത്യയിലാണ്. 2012ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 1.4 മില്യൺ കുട്ടികളാണ് അഞ്ചുവയസെത്തും മുമ്പേ മരണമടഞ്ഞത്.

ലോകജനതയിൽ 1.2 മില്യണോളം ആളുകളും ദരിദ്രരാണെന്ന് റിപ്പോർട്ട് പറയുന്നു. തെക്കൻ ഏഷ്യയിൽ ദാരിദ്രനിരക്ക്



1990ൽ 51 ശതമായിരുന്നുവെങ്കിൽ ഇന്നത് 30 ശതമാനമായി കുറഞ്ഞു. ഇതിൽ ചൈനയാണ് ഏറ്റവും മികച്ച ദാരിദ്രനിർമാർജ്ജനം നേടിയെടുത്തത്. 1990ൽ 60 ശതമാനമായിരുന്ന നിരക്ക് 2005ൽ 16, 2010ൽ 12 എന്നീ നിലയിലെത്തി. ഇന്ത്യയിൽ ഈ നിരക്ക് താഴേക്കുതന്നെയാണെങ്കിലും, വളരെയധികം മന്ദഗതിയിലാണ്. 1994ൽ 49.4 ശതമാനമായിരുന്നു ഇന്ത്യയിലെ ദാരിദ്രനിരക്ക്. 2005ൽ 42ലേക്കും 2010ൽ 32.7ലേക്കും മാത്രമാണ് എത്തിച്ചേർന്നത്.

# മനുഷ്യജീവന്റെ മഹത്വം മറന്നുള്ള നിലപാട് അരുത്: കെസിബിസി

കൊച്ചി: ദയാവധം അനുവദിക്കരുതെന്നു കേരള സർക്കാർ സുപ്രീം കോടതിയോട് ആവശ്യപ്പെടണമെന്നു കെസിബിസി. ദയാവധം സംബന്ധിച്ചു സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം സുപ്രീം കോടതി ആരാഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ സാമൂഹ്യതിന്മയ്ക്കെതിരേ ശക്തമായ നിലപാടു സ്വീകരിക്കണമെന്നു കെസിബിസി ആവശ്യപ്പെട്ടു. ദയാവധം അതിന്റെ എല്ലാ രൂപത്തിലും കൊലപാതകമോ ആത്മഹത്യയോ ആണ്. ക്രൈസ്തവ വിശ്വാസത്തിനനുരിച്ചും ഭാരതത്തിന്റെ പൗരാണിക കാഴ്ചപ്പാടിലും ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളതു ദൈവത്തിനു മാത്രമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്; അവിടുത്തെ സ്വത്താണ്. അതിനാൽ ദയാവധം ദൈവത്തിന്റെ അധികാരത്തിന്മേലുള്ള കൈയേറ്റമാണ്.


മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും
പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ



# വചനാധിഷ്ഠിതമായ കത്തോലിക്കാ വിശ്വാസം

**(കഴിഞ്ഞ ലക്കം തുടർച്ച...)**

## അദ്ധ്യായം 12
## ബ്രഹ്മചര്യം

കത്തോലിക്കാസഭ പൂർണമായും ക്രിസ്തുകേന്ദ്രീകൃതവും ദൈവവചനാധിഷ്ഠിതവുമാണ് എന്നു നമ്മെ അനുസ്മരിപ്പിക്കുന്ന മറ്റൊരു യാഥാർത്ഥ്യമാണു സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും ബ്രഹ്മചര്യം. നമ്മുടെ കർത്താവ് പറയുന്നതുപോലെ, ദൈവത്തിന്റെ പ്രത്യേക കൃപ ലഭിച്ചവർ (മത്തായി 19:11-12) കർത്താവിനെപ്പോലെയും വിശുദ്ധ പൗലോസിനെപ്പോലെയും ദൈവരാജ്യത്തെപ്രതി നിത്യബ്രഹ്മചാരികളായി ജീവിക്കണമെന്നു കത്തോലിക്കാ സഭ വിശ്വസിക്കുന്നു. തന്മൂലമാണ്, മറ്റ് ഒരു ക്രൈസ്തവ സഭയിലും കാണാത്തതുപോലെ ലക്ഷക്കണക്കിനു ബ്രഹ്മചാരികളായ വൈദികരെയും സമർപ്പിതരെയും കത്തോലിക്കാ സഭയിൽ കാണുന്നത്. "ഗ്രഹിക്കുവാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ" എന്ന ആഹ്വാനം കൂട്ടിച്ചേർത്തുകൊണ്ടാണ് "സ്വർഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരെ"ക്കുറിച്ചു (മത്തായി 19:12) കർത്താവ് ശിഷ്യരോടു സംസാരിച്ചത്. അവിടുന്നു തന്റെ ശിഷ്യരിൽ നിന്ന് ആവശ്യപ്പെട്ടതു സമ്പൂർണ സമർപ്പണം ആയിരുന്നു. ഈ വസ്തുത മനസിലാക്കിക്കൊണ്ടാണു വിശുദ്ധ പൗലോസ് എഴുതിയത്: "എല്ലാവരും എന്നെപ്പോലെ ആയിരുന്നുവെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. എന്നാൽ, ദൈവത്തിൽ നിന്നു ഓരോരുത്തർക്കും പ്രത്യേക ദാനങ്ങളാണല്ലോ ലഭിക്കുന്നത്. അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു. എന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്കു നല്ലത്" (1 കോറി. 7:7-8).

കർത്താവിനെ അടുത്തനുകരിക്കുന്ന ശിഷ്യൻ അവിവാഹിതനായിരിക്കണമെന്നു വിശുദ്ധ പൗലോസ് ആഗ്രഹിച്ചു. അതിന്റെ കാരണവും അദ്ദേഹം പറയുന്നുണ്ട്: "അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു ചിന്തിച്ചു കർത്താവിന്റെ കാര്യങ്ങളിൽ തല്പരനാകുന്നു. വിവാഹിതൻ സ്വഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താമെന്നു ചിന്തിച്ച് ലൗകികകാര്യങ്ങളിൽ തല്പരനാകുന്നു" (1 കോറി. 7:32). ദൈവവചനത്തിൽ പറയുന്നതനുസരിച്ചു ദൈവരാജ്യത്തെ പ്രതി ബ്രഹ്മചര്യ ജീവിതം നയിക്കുവാൻ കത്തോലിക്കാസഭ നൽകുന്ന പ്രോത്സാഹനം മറ്റൊരിടത്തും നമ്മൾ കാണില്ല. ദൈവവചനത്തിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട്, "ഉൽകൃഷ്ട ദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ" (1 കോറി. 12:31) എന്നാണു വിശുദ്ധ പൗലോസിനെപ്പോലെ കത്തോലിക്കാ സഭയും പഠിപ്പിക്കുന്നത്. ക്രിസ്തുവാകുന്ന കുഞ്ഞാട് പോകുന്നിടത്തെല്ലാം അവിടുത്തെ അനുഗമിക്കുവരെക്കുറിച്ചു ബൈബിളിൽ പറയുന്നത് ഇപ്രകാരമാണ്: "അവർ ബ്രഹ്മചാരികളാണ്. അവർ ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫലമായി വിലയ്ക്കു വാങ്ങപ്പെട്ടവരാണ്" (വെളിപാട് 14:4). കർത്താവിന്റെ ഈ വെളിപാടൊക്കെ ഉൾക്കൊള്ളുന്ന കത്തോലിക്കരല്ലേ യാഥാർത്ഥ വചനാധിഷ്ഠിത ജീവിതം നയിക്കുന്നവർ?

**വിശുദ്ധ കുർബാന ഉൾപ്പെടെയുള്ള സഭയുടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളിൽ നിറഞ്ഞുനിൽക്കുന്നതു ദൈവവചനം തന്നെയാണ്. അതുപോലെതന്നെ നമ്മുടെ ശ്രദ്ധ അർഹിക്കേണ്ട കാര്യമാണു വിശ്വാസികളുടെ സഹായത്തിനുവേണ്ടി സഭ തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥനകളും ദൈവവചനത്തിലധിഷ്ഠിതവും ദൈവവചനത്താൽ സമ്പന്നവുമാണ് എന്നത്.**

## അദ്ധ്യായം 13.
## ദൈവവചനാധിഷ്ഠിതമായ പ്രാർത്ഥനകൾ

കത്തോലിക്കാസഭ എത്രമാത്രം ദൈവവചനത്തിൽ അധിഷ്ഠിതമാണ് എന്നു വ്യക്തമാക്കുന്നതാണു സഭയുടെ ആരാധനക്രമവും അതിലെ പ്രാർത്ഥനകളും. വിശുദ്ധ കുർബാന ഉൾപ്പെടെയുള്ള സഭയുടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളിൽ നിറഞ്ഞുനിൽക്കുന്നതു ദൈവവചനം തന്നെയാണ്. അതുപോലെതന്നെ നമ്മുടെ ശ്രദ്ധ അർഹിക്കേണ്ട കാര്യമാണു വിശ്വാസികളുടെ സഹായത്തിനുവേണ്ടി സഭ തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥനകളും ദൈവവചനത്തിലധിഷ്ഠിതവും ദൈവവചനത്താൽ സമ്പന്നവുമാണ് എന്നത്.

നമുക്ക് ആദ്യം വിശുദ്ധ കുർബാനയുടെ കാര്യം തന്നെ എടുക്കാം. "എന്റെ ഓർമ്മയ്ക്കായ് നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ 22:19) എന്ന യേശുവിന്റെ കല്പന അനുസരിച്ചാണു കത്തോലിക്കാ ദേവാലയങ്ങളിൽ എന്നും 'അപ്പം മുറിക്കൽ ശുശ്രൂഷ' യാകുന്ന ദിവ്യബലി അർപ്പിക്കുന്നത്. ലത്തീൻ ക്രമത്തിൽ ദിവ്യബലി എപ്പോഴും തുടങ്ങുന്നതു "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" (മത്തായി 28:20) എന്ന ദൈവവചനം ഉപയോഗിച്ചാണ്. സീറോ-മലബാർ ക്രമത്തിൽ ചില രൂപതകളിലും അങ്ങനെ തന്നെയാണ്. പുരോഹിതൻ ഈ ദൈവവചനം ഉദ്ധരിച്ചുകൊണ്ടു ദിവ്യബലി തുടങ്ങുമ്പോൾ സമൂഹം അതിനു പ്രത്യുത്തരം നൽകുന്നത് 'ആമേൻ' എന്ന ദൈവവചനം ഉപയോഗിച്ചാണ്. തിരുവചനം പറയുന്നതു ശ്രദ്ധിക്കുക: "ജനം മുഴുവൻ ആമേൻ എന്നു പറയട്ടെ" (സങ്കീ. 106:48). 1 ദിനവൃത്താന്തം 16:36, നെഹെമിയ 5:13; 8:6 എന്നീ തിരുവചനങ്ങളിലുമൊക്കെ ദൈവത്തെ സ്തുതിക്കുവാൻ ജനം ആമേൻ പറയുന്നതായി നാം കാണുന്നുണ്ട്.

ഇനി സീറോ മലബാർ സഭയുടെ കുർബാന ക്രമത്തിൽ വരുന്ന ദൈവവചന ഭാഗങ്ങൾ ചുരുക്കമായി പരാമർശിക്കട്ടെ:

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (ലൂക്കാ 2:4).

ആമ്മേൻ (സങ്കീ. 106:48).

ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും (ലൂക്കാ 2:4).

സ്വർഗസ്ഥനായ പിതാവേ.... (മത്തായി 6:9-13; ലൂക്കാ 11:2-4).

സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയ്ക്കുശേഷം കാലവ്യത്യാസമനുസരിച്ചു നാം ഉപയോഗിക്കുന്ന സങ്കീർത്തനങ്ങൾ മുഴുവൻ ദൈവവചനം തന്നെയാണല്ലോ.

സകലത്തിന്റെയും നാഥാ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു (സങ്കീ. 138:1; 86:12), ഈശോമിശിഹായെ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു (റോമാ. 15:6) എന്നുള്ള ഉത്ഥാനഗീതവും ദൈവവചനത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

വചനാധിഷ്ഠിതമായ ഉത്ഥാനഗീതത്തിനു (യോഹ. 11:25-26) ശേഷം വരുന്ന "പരിശുദ്ധനായ ദൈവമേ" എന്നു തുടങ്ങുന്ന സങ്കീർത്തനവും ദൈവവചനത്തിൽ നിന്നു എടുത്തിട്ടുള്ളതാണ് (വെളിപാട് 4:8; ഏശയ്യാ 6:4). ഓരോ ദിവസവും മാറി മാറി വരുന്ന വായനകൾ മുഴുവനും ദൈവവചനം തന്നെയാണല്ലോ. സുവിശേഷ വായനയ്ക്കു മുൻപുള്ള 'ഹല്ലേലുയ്യ'യും ദൈവവചനത്തിൽ നിന്നു തന്നെയുള്ളതാണ് (വെളിപാട് 19:1-10; സങ്കീ. 45:1-2).

കുർബാന മദ്ധ്യേ പുരോഹിതൻ നല്കുന്ന "സമാധാനം നിങ്ങളോടുകൂടെ" എന്ന സമാധാന ആശംസ (യോഹാൻ 20:19; 20:21), വിശ്വാസ പ്രഖ്യാപനത്തിന്റെ എല്ലാ ഭാഗവും, "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും" എന്നു തുടങ്ങുന്ന ആശംസാ പ്രാർത്ഥന (2 കോറി. 13:14), രണ്ടാം പ്രണാമ ജപം (വെളിപാട് 4:11; എഫേ. 1:21; കൊളോ. 1:12-20), ഓശാന ഗീതം (ഏശയ്യാ 6:3; വെളിപാട് 4:8), മൂന്നാം പ്രണാമ

(ശേഷം അടുത്ത പേജിൽ)

ജപം (യോഹ.1:18; ഫിലി. 2:6–11), കൂദാശാ വചനങ്ങൾ (മത്തായി 26:26–28; ലൂക്കാ 22: 17–20; 1 കോറി. 11:23–26), മൂന്നാം പ്രണാമ ജപത്തിന്റെ തുടർച്ച (കൊളോ. 1:19–23; എഫേ. 1:2–14; 2:4–6), റൂഹാക്ഷണ പ്രാർത്ഥന (റോമാ 8:11; 1 കോറി. 6:14; നടപടി 2:23; യോഹ. 14:16), അനുതാപഗീതം (സങ്കീ 51), കുർബാനയാരാധനാഗീതം (യോഹ. 6:51–58), സമാപനാശീർവാദം (യോഹ. 6: 25–59) എന്നിവയിലെല്ലാം നാം കാണുന്നതു പ്രധാനമായും ദൈവവചനം തന്നെയാണ്. അതുപോലെതന്നെ, നാം അനുസ്മരിക്കേണ്ട മറ്റൊരു കാര്യമാണ് ദിവ്യബലിയിലെ എല്ലാ പ്രാർത്ഥനകളും ദൈവവചനത്തിന്റെ ചൈതന്യത്തിൽ എഴുതപ്പെട്ടവയാണ് എന്നതും.

ലത്തീൻ കുർബാന ക്രമത്തിലെ പ്രാർത്ഥനകളും ഇതുപോലെ ദൈവവചനത്താൽ സമ്പമാണ്. ലത്തീൻ ക്രമത്തിൽ പുരോഹിതൻ വിശുദ്ധ കുർബാന മധ്യേ വിശ്വാസികൾക്കും ആശംസ നേരുന്നതു 'കർത്താവ് നിങ്ങളോടുകൂടെ' എന്നാണ്. ബൈബിളിലെ റൂത്തിന്റെ പുസ്തകത്തിൽ കാണുന്ന വചനമാണിത് (2:4). അനുതാപശുശ്രൂഷയിലെ 'കർത്താവേ, കരുണ തോന്നണമേ' (സങ്കീ. 41:4; മത്തായി 17:15; തോബിത് 8:4), 'മിശിഹായേ കരുണ തോന്നണമേ' (1 തിമോ. 1:2) എന്നീ പ്രാർത്ഥനകളും ബൈബിളിൽ നിന്നു തന്നെയുള്ളതാണ്.
ലത്തീൻ ക്രമത്തിലെ സമാപനാശീർവാദവും പൂർണ്ണമായി ദൈവവചനം തന്നെയാണ് (2 കോറി. 13:13).

വിശുദ്ധ കുർബാനയിലെപ്പോലെ തന്നെ വചനാധിഷ്ഠിതവും വചന സമ്പന്നവുമാണു മറ്റു കൂദാശകളും. എല്ലാ കൂദാശകൾക്കും ബൈബിളിൽ നിന്നു വായന ഉള്ളതുപോലെ പ്രാർത്ഥനയ്ക്കായി വിവിധ സങ്കീർത്തനഭാഗങ്ങളും ധാരാളമായി നാം ഉപയോഗിക്കുന്നുണ്ട്. തിരുസഭയിൽ ഉപയോഗിക്കുന്ന വെഞ്ചരിപ്പുകൾ പോലെയുള്ള കൂദാശാനുകരണങ്ങളുടെ ക്രമങ്ങളും ദൈവവചനത്താൽ സമ്പന്നമാണ്.

സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായി അറിയപ്പെടുന്ന കാനോന നമസ്കാരം മുഴുവനും ദൈവവചനം തന്നെയാണ്. കാലക്രമമനുസരിച്ച് ദിവസത്തിന്റെ വിവിധ യാമങ്ങളിൽ വൈദികരും സമർപ്പിതരുമൊക്കെ പതിവായി ചൊല്ലുന്ന കാനോന നമസ്കാരത്തിന്റെ ഭൂരിഭാഗവും സങ്കീർത്തനങ്ങളാണ്. കാനോന നമസ്കാരത്തിലെ വായനകളും പ്രാർത്ഥനകളുമെല്ലാം പൂർണമായും ദൈവവചനം തന്നെയാണ്. നാം സാധാരണ നമ്മുടെ ഭവനങ്ങളിൽ ഉപയോഗിക്കുന്ന ത്രികാലജപം മുതലുള്ള പ്രാർത്ഥനകളുടെ കാര്യമെടുത്താലും അവയെല്ലാം ദൈവവചന സമ്പന്നമോ അല്ലെങ്കിൽ ദൈവവചനത്തിൽ നിന്നു ചൈതന്യം ഉൾക്കൊണ്ടവയോ ആണെന്നു കാണാൻ സാധിക്കും. ജപമാല പോലെയുള്ള നമ്മുടെ ഓരോ പ്രാർത്ഥനയും ഈ സത്യമാണു നമുക്കു വ്യക്തമാക്കിത്തരുന്നത്.

## സമാപനം

മുകളിൽ സൂചിപ്പിച്ചതു പോലെ, ക്രിസ്തുകേന്ദ്രീകൃതവും ദൈവവചനത്തിൽ പൂർണമായി അധിഷ്ഠിതവുമായ സഭയാണു കത്തോലിക്കാ സഭ. എന്നാൽ, സഭയെക്കുറിച്ചു ശരിയായി പഠിക്കുവാനും കാര്യങ്ങൾ കൃത്യമായി മനസിലാക്കുവാനും സാധിക്കാതെ പോകുന്നതുകൊണ്ടു മറ്റു പലരും സഭയെക്കുറിച്ചു പറയുന്ന തെറ്റായ കാര്യങ്ങൾ ശരിയാണെന്നു നമ്മിൽ പലരും അബദ്ധത്തിൽ വിശ്വസിക്കുന്നു. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ നമ്മുടെ വിശ്വാസത്തെക്കുറിച്ചു നാം ആഴത്തിൽ പഠിക്കണം. ദൈവവചനവുമായി അനുദിനം നാം കൂടുതൽ പരിചയപ്പെടണം. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്" (മത്തായി 4:4) എന്ന ബോധ്യത്തോടെ ദൈവവചനത്തെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും നാം സ്വീകരിക്കണം. നമ്മുടെ പിതാക്കന്മാർ വഴി നമുക്കു ലഭിച്ചിരിക്കുന്ന ക്രിസ്തുകേന്ദ്രീകൃതവും ദൈവവചനത്തിൽ പൂർണമായി അധിഷ്ഠിതവുമായ നമ്മുടെ കത്തോലിക്കാ വിശ്വാസത്തെ ആവേശപൂർവ്വം നമുക്കു കൈമാറാം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

# CARDINALS' COUNCIL FOCUSED ON PONTIFICAL COUNCILS FOR LAITY, FAMILY

Vatican City: The meeting of the Council of Cardinals, the group set their sights on the Pontifical Councils for the laity and the family, with a special mention of the potential inclusion of laity in those councils' tasks.

According to Fr. Lombardi, director of the Holy See press office, the council of cardinals on July 4 "resumed its reflections on the dicasteries of the curia. The Pontifical Councils for laity and family were studied in particular depth, especially in terms of the contributions and role that should be assumed by laypeople, married couples, and women."

A possible merger of those two councils into a congregation for the laity is expected, but Fr. Lombardi stressed that "decisions were not made, though more detailed proposals were offered that will subsequently be inserted into the overall framework of the new configuration of the curia."


He underscored that "there is still not a draft of a new (apostolic) constitution, since the cardinals are at the moment just taking into consideration the contributions generally given by individual cardinals charged with the task of studying specific matters."

Fr. Lombardi recounted that an English-speaking cardinal had described the meetings as "free, frank, and friendly," and that Pope Francis "is very naturally involved in the dialogue, and he also favors dialogue," even while "we should consider that the council will make its suggestions, but Pope Francis will make the final decision."

This round of meetings, held July 1-4, was the fifth meeting of the council of cardinals. The next three sessions will take place Sep. 15-17, Dec. 9-11, and Feb. 9-11, and Fr. Lombardi underscored that there will be further meetings following these.



LAITY VOICE




**കഴിഞ്ഞ ലക്കം തുടർച്ച.......**

***കൂദാശകൾ ഫലപ്രദമാണ് എന്തുകൊണ്ട്?***

കൂദാശകൾ അനുഷ്ഠാനത്താൽതന്നെ ഫലപ്രദമാണ്; കാരണം അവയിൽ ക്രിസ്തു തന്നെ പ്രവർത്തിക്കുന്നു. കാർമ്മികന്റെ വ്യക്തിപരമായ വിശുദ്ധിയെ ആശ്രയിക്കാതെ അവ സൂചിപ്പിക്കുന്ന കൃപാവരം അവ പ്രദാനം ചെയ്യുന്നു. എന്നിരുന്നാലും കൂദാശകളുടെ ഫലങ്ങൾ അവ സ്വീകരിക്കുന്ന വ്യക്തിയുടെ മനോഭാവത്തോടുകൂടി ആശ്രയിച്ചിരിക്കുന്നു.

***എന്തുകൊണ്ടാണ് കൂദാശകൾ രക്ഷയ്ക്ക് ആവശ്യമാണെന്നു പറയുന്നത്?***

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് കൂദാശകൾ രക്ഷയ്ക്കാവശ്യമാണ്. കാരണം, അവ കൗദാശിക കൃപാവരം, പാപങ്ങളുടെ മോചനം, ദൈവിക ദത്തുപുത്രത്വം, കർത്താവായ ക്രിസ്തുവിനോടുള്ള അനുരൂപണം, സഭയിലെ ഭാഗഭാഗിത്വം എന്നിവ നൽകുന്നു. എല്ലാ കൂദാശകളും ഓരോ വിശ്വാസിക്കും നൽകപ്പെടുന്നില്ല. പരിശുദ്ധാത്മാവ് കൂദാശകൾ സ്വീകരിക്കുന്നവരെ സുഖപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

***കൗദാശിക കൃപാവരം എന്നാൽ എന്ത്?***

ഓരോ കൂദാശയ്ക്കും സവിശേഷമായിട്ടുള്ളതും ക്രിസ്തു പ്രദാനം ചെയ്യുന്നതുമായ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിനാണ് ൗദാശിക കൃപാവരം എന്നു പറയുന്നത്. ഈ കൃപാവരം വിശുദ്ധിയിലുള്ള യാത്രയിൽ വിശ്വാസിയെ സഹായിക്കുന്നു. കൂടാതെ ഉപവിയിലും സാക്ഷ്യത്തിലുമുള്ള വളർച്ചയിൽ സഭയെയും സഹായിക്കുന്നു.

***കൂദാശകളും നിത്യജീവനും തമ്മിലുള്ള ബന്ധമെന്ത്?***

കൂദാശകളിൽ സഭ നിത്യജീവന്റെ മുന്നാസ്വാദനം നേരത്തെ സ്വീകരിക്കുന്നു. അതേസമയം നമ്മുടെ അനുഗ്രഹീതമായ പ്രത്യാശയ്ക്കായി "നമ്മുടെ ഉന്നതനായ ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്വത്തിലുള്ള പ്രത്യക്ഷപ്പെടലിനായി കാത്തിരിക്കുകയും" (തീത്തോ.2:13) ചെയ്യുന്നു.

### അദ്ധ്യായം 2

## പെസഹാരഹസ്യത്തിന്റെ കൗദാശികാഘോഷം

### ആര് ആഘോഷിക്കുന്നു?

***ആരാധനക്രമത്തിൽ ആരാണ് പ്രവർത്തിക്കുന്നത്?***

ആരാധനക്രമത്തിൽ "ക്രിസ്തു മുഴുവനും" -ശിരസും ശരീരവും പ്രവർത്തിക്കുന്നു. പ്രധാന പുരോഹിതനായ അവിടുന്ന് തന്റെ ശരീരമായ സ്വർഗീയ-ഭൗമികസഭയോടൊപ്പം ആഘോഷിക്കുന്നു.

***സ്വർഗീയാരാധന ആരാൽ ആഘോഷിക്കപ്പെടുന്നു?***

സ്വർഗീയാരാധന മാലാഖമാരാലും, പഴയനിയമത്തിലെയും പുതിയനിയമത്തിലെയും വിശുദ്ധരാലും പ്രത്യേകിച്ച് ദൈവമാതാവ്, ശ്ലീഹന്മാർ, രക്തസാക്ഷികൾ, "ഓരോ ദേശത്തുനിന്നും എല്ലാ ഗോത്രങ്ങളിൽ നിന്നും ജനതകളിൽ നിന്നും ഭാഷകളിൽ നിന്നുമുള്ള ആർക്കും എണ്ണിത്തിട്ടപ്പെടുത്താനാവാത്ത വലിയൊരു ജനക്കൂട്ടം" (വെളി.7:9) എന്നിവരാലും ആഘോഷിക്കപ്പെടുന്നു. രക്ഷാകരരഹസ്യങ്ങൾ കൂദാശകളിൽ ആഘോഷിക്കുമ്പോൾ നാം ഈ നിത്യാരാധനയിൽ പങ്കുകാരാകുന്നു.

***ഭൂമിയിലെ സഭ എപ്രകാരമാണ് ആരാധനക്രമം ആഘോഷിക്കുന്നത്?***

പരിശുദ്ധാത്മാവിലുള്ള ഐക്യത്തിൽ ഓരോരുത്തരും അവരവരുടെ സവിശേഷധർമ്മം നിർവഹിച്ചുകൊണ്ട് പുരോഹിതജനം എന്നനിലയിൽ ഭൂമിയിലെ സഭ ആരാധനക്രമം ആഘോഷിക്കുന്നു. മാമ്മോദീസ സ്വീകരിച്ചവർ ആത്മീയബലി അർപ്പിക്കുന്നു. സഭാമക്കളുടെ മുഴുവന്റെയും സേവനത്തിനായി തങ്ങൾക്കുലഭിച്ചിരിക്കുന്ന തിരുപ്പട്ടത്തിന്റെ ക്രമമനുസരിച്ച് ശുശ്രൂഷകർ ആഘോഷിക്കുന്നു. മെത്രാന്മാരും വൈദികരും ശിരസ്സായ മിശിഹായുടെ ആളിൽ പ്രവർത്തിക്കുന്നു.

### എങ്ങനെ ആഘോഷിക്കുന്നു?

***ആരാധനക്രമം എങ്ങനെ ആഘോഷിക്കപ്പെടുന്നു?***

ആരാധനക്രമ ആഘോഷം അടയാളങ്ങൾകൊണ്ടും പ്രതീകങ്ങൾകൊണ്ടും നെയ്യപ്പെട്ടതാണ്. ഇവയുടെ അർത്ഥം സൃഷ്ടികർമ്മത്തിലും മാനവസംസ്കാരത്തിലും വേരുറച്ചതാണ്. പഴയ ഉടമ്പടിയിലെ സംഭവങ്ങളിൽ നിർദ്ദിഷ്ടവും ക്രിസ്തു എന്ന വ്യക്തിയിലും അവിടുത്തെ പ്രവൃത്തിയിലും പൂർണ്ണമായി വെളിവാക്കപ്പെട്ടതുമാണ്.

**ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് കൂദാശകൾ രക്ഷയ്ക്കാവശ്യമാണ്. കാരണം, അവ കൗദാശിക കൃപാവരം, പാപങ്ങളുടെ മോചനം, ദൈവിക ദത്തുപുത്രത്വം, കർത്താവായ ക്രിസ്തുവിനോടുള്ള അനുരൂപണം, സഭയിലെ ഭാഗഭാഗിത്വം എന്നിവ നൽകുന്നു.**

***കൗദാശിക അടയാളങ്ങൾ എവിടെനിന്നു വരുന്നു?***

ചിലതു സൃഷ്ടിലോകത്തിൽ നിന്നു വരുന്നു (പ്രകാശം, ജലം, അഗ്നി, അപ്പം, വീഞ്ഞ്, തൈലം), മറ്റുചിലത് സാമൂഹിക ജീവിതത്തിൽ നിന്നും (കഴുകൽ, പൂശൽ, അപ്പംമുറിക്കൽ); വേറെ ചിലത് പഴയനിയമത്തിലെ രക്ഷാകരചരിത്രത്തിൽ നിന്നും വരുന്നു (പെസഹായുടെ അനുഷ്ഠാനങ്ങൾ, ബലിയർപ്പണം, കൈവെയ്പ്, അഭിഷേകങ്ങൾ). ഈ അടയാളങ്ങളിൽ ചിലതു മാനദണ്ഡമായതും മാറ്റാനാവാത്തതുമാണ്. ഇവയെ ക്രിസ്തു സ്വീകരിച്ച് രക്ഷാകർമ്മത്തിന്റെയും വിശുദ്ധീകരണ കർമ്മത്തിന്റെയും വാഹകരാക്കി മാറ്റി.

(തുടരും)

**(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)**

Published and edited by Chevalier Adv.V C Sebastian
Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., Kerala, India. Ph: 04828 234056, Mob: 9447355512

SHAIJU CHACKO7@GMAIL.COM
Private circulation